വാല്യം 7, ലക്കം 04

ഓഗസ്റ്റ് 16-31, 2026

സൗജന്യവിതരണത്തിന്

# ന്യൂ ഇന്ത്യ സമാചാർ

@NISPIBIndia ഫോളോ ചെയ്യൂ.......

പ്രധാനമന്ത്രി ജൻ-ധൻ യോജന

മേരാ ഖാത ഭാഗ്യവിധാത

12 വർഷങ്ങൾ ജൻ ധൻ യോജന

കവർ സ്റ്റോറി





## ജൻ ധനിൽ നിന്ന്

# ജന-ഗണ-മനയിലേക്ക്

*വനിതാ ശാക്തീകരണം മുതൽ ഡിബിറ്റി വരെയും, ബാങ്കിങ്-ഇൻഷുറൻസ് പെൻഷൻ സുരക്ഷ മുതൽ ഡിജിറ്റൽ പണമിടപാടു വിപ്ലവം വരെയും - 12 വർഷത്തെ യാത്രയിൽ ജൻ ധൻ യോജനയുടെ ബഹുമുഖ സ്വാധീനം 'ജനങ്ങളെ' 'ജനഗണമന'യുമായി, അതായത്, ദേശീയബോധവുമായും അന്തസ്സുമായും കൂട്ടിയിണക്കി.*



# ഇന്ത്യൻ പ്രതിരോധ മേഖലയിൽ ഉയർന്നുവരുന്ന ആഗോള വിശ്വാസം

***രാജ്യത്തിന് ഏറെ അഭിമാനം നൽകുന്ന നിരവധി നേട്ടങ്ങൾ 'മൻ കീ ബാത്തി'ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി എടുത്തു പറയുന്നു. കാർഗിൽ വിജയ് ദിവസ് വീരനായകർക്കു പ്രണാമമർപ്പിച്ചാണ് അദ്ദേഹം 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പിനു തുടക്കം കുറിച്ചത്. മധ്യപ്രദേശിലെ സിധി ജില്ലയിൽ നടന്ന ജലസംരക്ഷണ യജ്ഞത്തെയും അദ്ദേഹം പ്രശംസിച്ചു. കൂടാതെ, ഇന്ത്യയുടെ തദ്ദേശീയ പ്രതിരോധ ഉപകരണ മേഖലയെക്കുറിച്ചും വിവിധ ഒളിമ്പ്യാഡുകളിൽ രാജ്യം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. 'മൻ കീ ബാത്തി'ൽ നിന്നുള്ള എഡിറ്റ് ചെയ്ത പ്രസക്ത ഭാഗങ്ങൾ താഴെ നൽകുന്നു...***

- **ശൗര്യ വിജയ് യാത്ര:** ജൂലൈ 14-നു ഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ നിന്ന് ആരംഭിച്ച 'ശൗര്യ വിജയ്' മോട്ടോർ സൈക്കിൾ റാലി ദ്രാസിലെ കാർഗിൽ യുദ്ധസ്മാരകത്തിൽ സമാപിക്കും. "ഒരു യാത്ര, ഒരു രാജ്യം, ഒരു അഭിവാദ്യം" എന്നതാണ് ഇതിന്റെ സന്ദേശം.

- **സ്വയംപര്യാപ്ത ഇന്ത്യ:** ഐഎൻഎസ് മഹേന്ദ്രഗിരി ഇന്ത്യൻ നാവികസേനയുടെ ഭാഗമായി. ഈ ആധുനിക യുദ്ധക്കപ്പൽ ഇന്ത്യയിൽത്തന്നെയാണു രൂപകൽപ്പന ചെയ്തതും നിർമിച്ചതും. ഇതിൽ ഉപയോഗിച്ചിരിക്കുന്ന 75 ശതമാനത്തിലധികം സാമഗ്രികളും തദ്ദേശീയമാണ്. ഇതു സ്വയംപര്യാപ്ത ഇന്ത്യയുടെ വളരുന്ന കരുത്തിന്റെ പ്രതീകമാണ്.

- **കൂട്ടുത്തരവാദിത്വപരമായ പരിശ്രമം:** ഡിആർഡിഒ പിനാക ലോങ് റേഞ്ച് ഗൈഡഡ് റോക്കറ്റ് വിജയകരമായി പരീക്ഷിച്ചു. നമ്മുടെ ശാസ്ത്രജ്ഞരുടെയും എൻജിനിയർമാരുടെയും കൂട്ടുത്തരവാദിത്വപരമായ പരിശ്രമത്തിന്റെ ഫലമാണ് ഈ വിജയം.

- **പുതിയ ഉയരങ്ങൾ കീഴടക്കുന്നു:** പ്രതിരോധ ഉൽപ്പാദനം, പ്രതിരോധ കയറ്റുമതി, സൗഹൃദ രാജ്യങ്ങളുമായുള്ള രാഷ്ട്രീയ സഹകരണം എന്നിവയിലെല്ലാം ഇന്ത്യ തുടർച്ചയായി പുതിയ ഉയരങ്ങൾ കീഴടക്കുകയാണ്. ഇന്ത്യയുടെ പ്രതിരോധ ഉപകരണങ്ങളിലും സാങ്കേതികവിദ്യയിലുമുള്ള ആഗോളവിശ്വാസം വർധിച്ചുവരികയാണ്.

- **'ക്യാച്ച് ദി റെയിൻ':** ഓരോ മഴത്തുള്ളിയും സംരക്ഷിച്ച്, 'ക്യാച്ച് ദി റെയിൻ' യജ്ഞത്തെ ജനകീയ പ്രസ്ഥാനമാക്കുക. 'ക്യാച്ച് ദി റെയിന്റെ' സന്ദേശം വളരെ ലളിതമാണ്: മഴവെള്ളം വീഴുന്നിടത്തും വീഴുന്ന സമയത്തും അതു സംരക്ഷിക്കുക.

- **ദേശീയ അഭിമാനം:** ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരിയായി പി വി സിന്ധു മാറി; ഈ നേട്ടത്തിൽ രാജ്യം മുഴുവൻ അഭിമാനിക്കുന്നു. ലണ്ടനിലെ ലോർഡ്സിൽ നടന്ന ആദ്യ വനിതാ അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമും വിജയം നേടി. ഇതൊരു ചരിത്രവിജയമാണ്.

- **വിക്രം-1:** വിക്രം-1 ദൗത്യത്തിന്റെ വിജയകരമായ വിക്ഷേപണം ഓരോ ഭാരതീയനിലും വലിയ അഭിമാനം സൃഷ്ടിച്ചിരിക്കുന്നു. ഇന്ത്യയുടെ ബഹിരാകാശ മേഖലയിലെ ഈ ചരിത്രമുഹൂർത്തത്തിനു നാം ഏവരും സാക്ഷ്യം വഹിച്ചു. സ്വകാര്യ മേഖല വികസിപ്പിച്ച ഇന്ത്യയിലെ ആദ്യ റോക്കറ്റാണിത്.

- **ഒളിമ്പ്യാഡുകൾ:** ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് ഒളിമ്പ്യാഡുകളിൽ ഇന്ത്യൻ സംഘം മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും നിരവധി സ്വർണവും വെള്ളിയും നേടുകയും ചെയ്തു.

- **യുവശക്തി:** രാജ്യത്തെ യുവശക്തിയിൽ ഞാൻ ഏറെ അഭിമാനിക്കുന്നു. ഒളിമ്പ്യാഡുകളുടെയും ഹാക്കത്തോണുകളുടെയും സംസ്കാരം ഇന്ത്യയിൽ ക്രമാനുഗതമായി വളരുന്നതു കാണുന്നത് ഏറെ ഹൃദ്യമാണ്. രാജ്യത്തുടനീളമുള്ള കൂടുതൽ കൂടുതൽ യുവാക്കൾ ഇത്തരം വേദികളിൽ താൽപ്പര്യം കാണിക്കുകയും ഇന്ത്യയുടെ ഖ്യാതി ഉയർത്തുകയും ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്.

- **'വേസ്റ്റ് ടു വെൽത്ത്':** ബിഹാറിലെ സീതാമഢിയിൽ, 'മാലിന്യത്തിൽ നിന്നു സമ്പത്ത്' സംരംഭത്തിനുകീഴിൽ മാലിന്യങ്ങൾ പുനരുപയോഗിച്ച് ആകർഷകമായ ബെഞ്ചുകൾ നിർമിക്കുന്നു. 'ഉപയോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, പുനരുൽപ്പാദിപ്പിക്കുക' എന്നതു വെറും മുദ്രാവാക്യമല്ലെന്നും നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിക്കൊണ്ടിരിക്കുകയാണെന്നും ഈ ശ്രമം തെളിയിക്കുന്നു.

- **ലോക്തക് തടാകം:** ജ്യോതിശാസ്ത്രജ്ഞനായ ഡോ. റൊണാൾഡോ ലൈഷ്രാം, പുതുതായി കണ്ടെത്തിയ ചെറു നക്ഷത്രസമൂഹങ്ങളുടെ വലിയ കൂട്ടത്തിനു മണിപ്പുരിലെ പ്രശസ്ത ശുദ്ധജലാശയമായ ലോക്തക് തടാകത്തിന്റെ പേരിട്ടു. ഈ നേട്ടം ഓരോ ഇന്ത്യക്കാരനും അഭിമാനത്തിനു വക നൽകുന്നതാണ്.

- **ഖാദി വില്പന:** കഴിഞ്ഞ 12 വർഷത്തിനിടെ ഖാദി വിൽപ്പന ആറിരട്ടി വർധിച്ചു. വിൽപ്പനക്കണക്ക് ഇപ്പോൾ ഏകദേശം 8,000 കോടി രൂപയിലെത്തി. വരാനിരിക്കുന്ന ഉത്സവവേളയിൽ കുറഞ്ഞത് ഒരു ഖാദി, കൈത്തറി, അല്ലെങ്കിൽ കരകൗശല ഉൽപ്പന്നമെങ്കിലും വാങ്ങാൻ ഞാൻ ഏവരോടും അഭ്യർഥിക്കുന്നു.

"മൻ കീ ബാത്" കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.

ന്യൂ ഇന്ത്യ
# സമാചാർ
വാല്യം 7, ലക്കം 4 | ഓഗസ്റ്റ് 16-31, 2026

എഡിറ്റർ ഇൻ ചീഫ്
ധീരേന്ദ്ര ഓഝ
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,
പ്രസ് ഇൻഫർമേഷൻ ബ്യൂറോ,
ന്യൂഡൽഹി

ചീഫ് കൺസൾട്ടിങ് എഡിറ്റർ
സന്തോഷ് കുമാർ

സീനിയർ അസി. കൺസൾട്ടിങ് എഡിറ്റർ
പവൻ കുമാർ

അസി. കൺസൾട്ടിങ് എഡിറ്റർമാർ
അഖിലേഷ് കുമാർ
ചന്ദൻ കുമാർ ചൗധരി

ഭാഷാ എഡിറ്റർമാർ
സുമിത് കുമാർ (ഇംഗ്ലീഷ്)
രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)
നദീം അഹമ്മദ് (ഉറുദു)

സീനിയർ ഡിസൈനർ
ഫൂൽ ചന്ദ് തിവാരി

ഡിസൈനർമാർ
അഭയ് ഗുപ്ത
സത്യം സിങ്




ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in/news.aspx

ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* @NISPIBIndia പിൻതുടരുക

# ഉൾപ്പേജുകളിൽ..........




## കവർ സ്റ്റോറി


2014 ഓഗസ്റ്റ് 28-ന് ആരംഭിച്ച പ്രധാൻ മന്ത്രി ജൻ ധൻ യോജന, കഴിഞ്ഞ 12 വർഷമായി രാജ്യത്തിന്റെ കാഴ്ചപ്പാടിനെയും ദിശയെയും മാറ്റിമറിക്കുകയും വികസനം വളർത്തുകയും ചെയ്ത്, സാമ്പത്തിക വിപ്ലവം സൃഷ്ടിച്ച ഏറ്റവും ചലനാത്മകമായ പദ്ധതികളിലൊന്നാണ്. ജൻ ധൻ യോജനയെന്ന വിത്ത്, സാമൂഹ്യ-സാമ്പത്തിക-സാങ്കേതിക ശാക്തീകരണത്തിന്റെ വലിയ തണലായി വളരുകയും, അതിന്റെ ബഹുമുഖ സ്വാധീനത്തിലൂടെയും പരിവർത്തന ഫലങ്ങളിലൂടെയും ആഴത്തിലുള്ള പ്രഭാവം സൃഷ്ടിക്കുകയും ചെയ്തു... |8-21

ജനകേന്ദ്രീകൃത സാമ്പത്തിക സംരംഭം
## ഏവരെയും ഉൾക്കൊള്ളുന്ന വളർച്ചയുടെ അടിത്തറ

റെയിൽ ഗതാഗതത്തിന്റെ ഭാവി
### ഹൈഡ്രജൻ ട്രെയിൻ



ജീന്ദിൽനിന്ന് ഏകദേശം 14,700 കോടി രൂപയുടെ വികസനപദ്ധതികൾ സമ്മാനിച്ചു |22-23

വൈബ്രന്റ് വില്ലേജ്
### വികസിത ഗ്രാമങ്ങൾ
വികസിത ഇന്ത്യക്കായുള്ള കരുത്തുറ്റ അടിത്തറ

പ്രധാനമന്ത്രി മോദി ജൂലൈ 26-നു 'വൈബ്രന്റ് വില്ലേജ്' പദ്ധതിയിലെ പങ്കാളികളുമായി സംവദിച്ചു |26-27



**വാർത്തകൾ ചുരുക്കത്തിൽ** |4-5

**'ദ്രവ്യ-രസായൻ' പദ്ധതിക്ക് അംഗീകാരവും പിഎം-കിസാൻ പദ്ധതിയുടെ തുടർച്ചയും**
കേന്ദ്ര മന്ത്രിസഭായോഗ തീരുമാനം |6-7

**സാങ്കേതികവിദ്യ, നൂതനാശയം, ആരോഗ്യ സംരക്ഷണം: വികസിത ഇന്ത്യക്കായുള്ള കരുത്തുറ്റ അടിത്തറ**
ചണ്ഡീഗഢിന് 4,700 കോടിയിലധികം രൂപയുടെ പദ്ധതികൾ സമ്മാനിച്ച് പ്രധാനമന്ത്രി മോദി |24-25

**രാജ്യത്തിന്റെ സമഗ്ര വികസനത്തിലെ പങ്കാളികൾ...**
ദേശീയ കായിക ദിനവും ഫിറ്റ് ഇന്ത്യയുടെ ഏഴാം വാർഷികവും |30-33

**13 സ്വർണമടക്കം ആകെ 39 മെഡൽ നേടി ഇന്ത്യ**
കോമൺവെൽത്ത് ഗെയിംസ് 2026 ൽ നാടിന്റെ പെരുമയുയർത്തി ഇന്ത്യൻ കായികതാരങ്ങൾ |34-35

**മികച്ച ഫീച്ചർ ഫിലിമിനുള്ള പുരസ്കാരം 'ആർട്ടിക്കിൾ 370'-ന്**
2024-ലെ 72-ാം ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു |36-37

**വ്യക്തിത്വം: വീരറാണി അവന്തിബായ് ലോധി**
കീഴടങ്ങലിനേക്കാൾ ജീവത്യാഗം തെരഞ്ഞെടുത്ത മഹതി |38

ദേശീയ ബഹിരാകാശ ദിനം ഓഗസ്റ്റ് 23



ഇന്ത്യയുടെ ആദ്യ സ്വകാര്യ ഓർബിറ്റൽ ലോഞ്ച് വെഹിക്കിൾ
### 'വിക്രം-1' വിജയകരമായി വിക്ഷേപിച്ചു

ആഗോള ബഹിരാകാശ മേഖലയിൽ ഇന്ത്യ കരുത്തുറ്റ അധ്യായം രചിക്കുകയാണ്. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ റോക്കറ്റായ 'വിക്രം-1' വിജയകരമായി വിക്ഷേപിച്ചത് ഇതിന്റെ തിളക്കമാർന്ന ഉദാഹരണമാണ് |28-29



Published: Kanchan Prasad, Director General, on behalf of Central Bureau of Communication
Communication Address : Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
E-Mail : response-nis@pib.gov.in, RNI No. : DELENG/2020/78811

# പത്രാധിപക്കുറിപ്പ്

## ജൻ ധൻ യോജന

## സാമ്പത്തിക ശാക്തീകരണത്തിന്റെ വിജയകരമായ 12 വർഷങ്ങൾ

നമസ്കാരം!

സാമ്പത്തിക ഉൾപ്പെടുത്തലിനായുള്ള ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട സംരംഭങ്ങളിലൊന്നായ പ്രധാൻ മന്ത്രി ജൻ ധൻ യോജന ഓഗസ്റ്റ് 28-ന് 12-ാം വാർഷികം ആഘോഷിക്കുകയാണ്. ഈ 12 വർഷത്തിനിടയിൽ, കോടിക്കണക്കിനു കുടുംബങ്ങളുടെ സാമ്പത്തിക ഇടപാടുകൾ ലളിതമാക്കി, ഈ പദ്ധതി ഇന്ത്യയുടെ സാമൂഹ്യ-സാമ്പത്തിക മേഖലയുടെ അവിഭാജ്യ ഘടകമായി മാറി.

ഈ യാത്രയിൽ പ്രധാനപ്പെട്ട അഞ്ചു പരിവർത്തനങ്ങൾ വ്യക്തമായി കാണാം. ഒന്നാമതായി, സാമ്പത്തിക ഉൾപ്പെടുത്തൽ; ഇതിനു കീഴിൽ രാജ്യത്തുടനീളം 58 കോടിയിലധികം ജൻ ധൻ അക്കൗണ്ടുകൾ തുറന്നു. രണ്ടാമതായി, വനിതാ ശാക്തീകരണം; ഈ അക്കൗണ്ടുകളിൽ പകുതിയിലധികവും (32.72 കോടി) സ്ത്രീകളുടെ പേരിലാണു തുറന്നത്. ഇതു വീട്ടുചെലവുകളിലെ സാമ്പത്തിക തീരുമാനങ്ങളിൽ പങ്കാളികളാകാൻ അവരെ പ്രാപ്തരാക്കി. മൂന്നാമതായി, സബ്സിഡികളിലെ ക്രമക്കേടുകൾ തടയുകയും ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കളിലേക്കു നേരിട്ട് എത്തുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്ത നേരിട്ടുള്ള ആനുകൂല്യക്കൈമാറ്റം (DBT). നാലാമതായി, പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങൾക്കും സുരക്ഷാകവചമൊരുക്കുന്ന ഇൻഷുറൻസ്-പെൻഷൻ സുരക്ഷ. അഞ്ചാമതായി, റൂപേ കാർഡുകളും യുപിഐയും പണരഹിത സമ്പദ്‌വ്യവസ്ഥയെ ഓരോ ഗ്രാമത്തിലേക്കും എത്തിച്ച ഡിജിറ്റൽ പണമിടപാടു വിപ്ലവം.

ഈ മാറ്റങ്ങളുടെ സ്വാധീനം കണക്കുകളിൽ മാത്രമല്ല, സാധാരണക്കാരുടെ ആത്മവിശ്വാസത്തിലും അന്തസ്സിലും ദൃശ്യമാണ്. ആദ്യമായി ബാങ്കിങ് സംവിധാനവുമായി കൂട്ടിയിണക്കപ്പെട്ട ഓരോ വ്യക്തിയും ഇപ്പോൾ രാജ്യത്തിന്റെ പ്രധാന സമ്പദ്‌വ്യവസ്ഥയിലെ സജീവ പങ്കാളിയാണ്.

ഇതാണു ജൻ ധൻ യോജനയുടെ ഏറ്റവും വലിയ നേട്ടം. ഇതു സാധാരണ പൗരന്മാരെ ബാങ്ക് അക്കൗണ്ടുമായി മാത്രമല്ല, നാം 'ജനഗണമന' എന്നു വിളിക്കുന്ന രാഷ്ട്രനിർമാണത്തിന്റെ സത്തയുമായാണു കൂട്ടിയിണക്കിയത്. ഇതു പദ്ധതി മാത്രമല്ല, സ്വയംപര്യാപ്തമായ രാജ്യത്തിന്റെ കഥകൂടിയാണ്; ഇതാണു ഞങ്ങളുടെ നിലവിലെ പതിപ്പിന്റെ കവർ സ്റ്റോറിയും.

കൂടാതെ, കീഴടങ്ങലിനേക്കാൾ രക്തസാക്ഷിത്വം തെരഞ്ഞെടുത്ത വീരറാണി അവന്തിബായ് ലോധിയെക്കുറിച്ചുള്ള വിവരണം 'വ്യക്തിത്വ' വിഭാഗത്തിലുണ്ട്. 72-ാം ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളും പ്രധാന കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങളും പദ്ധതികളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ കായിക ദിനം, 'ഫിറ്റ് ഇന്ത്യ' യജ്ഞം (ഓഗസ്റ്റ് 29), 2026-ലെ കോമൺവെൽത്ത് ഗെയിംസിലെ ഇന്ത്യയുടെ മികച്ച പ്രകടനം, ദേശീയ ബഹിരാകാശ ദിനം (ഓഗസ്റ്റ് 23) എന്നിവയെക്കുറിച്ചുള്ള പ്രത്യേക വിവരങ്ങളും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കഴിഞ്ഞ രണ്ടാഴ്ചത്തെ പൊതുപരിപാടികളും ഈ പതിപ്പിൽ ഉൾപ്പെടുന്നു.

ഇതിനുപുറമെ, ഉൾക്കവറിൽ 'മൻ കീ ബാത്തും' പിൻകവറിൽ ഓഗസ്റ്റ് 16-നു ഭാരതരത്ന അടൽ ബിഹാരി വാജ്‌പേയിയുടെ ചരമവാർഷികത്തോടനുബന്ധിച്ചുള്ള പ്രത്യേക ആദരവും ഉൾപ്പെടുത്തിയിട്ടുണ്ട്.

***ദയവായി നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്കയയ്ക്കുക.***

**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*

*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി






### ന്യൂ ഇന്ത്യ സമാചാർ രസകരവും പ്രധാനപ്പെട്ടതുമായ വിവരങ്ങൾ നൽകുന്നു

എന്റെ പേര് പവൻ കുമാർ. ഞാൻ മത്സരപരീക്ഷകൾക്കു തയ്യാറെടുക്കുകയാണ്. ന്യൂ ഇന്ത്യ സമാചാർ മാഗസിൻ എന്റെ അറിവു വളർത്തുന്നു. ഇതു രസകരവും പ്രധാനപ്പെട്ടതുമായ വിവരങ്ങൾ നൽകുന്നു. രണ്ടാഴ്ചത്തെ സുപ്രധാനമായ വാർത്തകളുടെയും ഗവണ്മെന്റ് പദ്ധതികളുടെയും ആഴത്തിലുള്ള അപഗ്രഥനം എന്റെ വിമർശനാത്മക ചിന്താശേഷി വർധിപ്പിക്കുന്നു.

pawankumarpanwar2003@gmail.com

### കൃഷി, വ്യവസായം, ശാസ്ത്രം, സാങ്കേതിക വിദ്യ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ

ന്യൂ ഇന്ത്യ സമാചാർ മാഗസിൻ ടീമിന് എന്റെ ആശംസകൾ അറിയിക്കുന്നു. ഞാൻ ഈ മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. വർഷങ്ങളായി ഇമെയിൽ വഴി എനിക്കിതു സൗജന്യമായി ലഭിക്കുന്നുണ്ട്. നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾ ഈ മാഗസിൻ വായിക്കുകയും ഇതു നൽകുന്ന വിവരങ്ങളിൽ നിന്നു പ്രയോജനം നേടുകയും ചെയ്യുന്നു. പൊളിറ്റിക്കൽ സയൻസ് വിദ്യാർഥികൾക്ക് ഇതു കൈപ്പുസ്തകമായി ഉപകരിക്കും. വിവിധ പദ്ധതികൾ, വനിതാ ശാക്തീകരണം, കൃഷി, വ്യവസായം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയെക്കുറിച്ച് അറിവു നേടാൻ ഇതു നമ്മുടെ വിദ്യാർഥികളെ സഹായിച്ചിട്ടുണ്ട്.

babitaborthakur59170@gmail.com

### ഗുണനിലവാരമുള്ള ഉള്ളടക്കം സൃഷ്ടിക്കാനുള്ള പ്രശംസനീയമായ ശ്രമം

പൊതുജനങ്ങളുടെ സംഭാവനകൾക്കായി ന്യൂ ഇന്ത്യ സമാചാറിൽ ചെറിയ വിഭാഗമോ കോളമോ ഉൾപ്പെടുത്തുന്നതു പ്രയോജനകരമാകുമെന്ന് എനിക്കു തോന്നുന്നു. സാധാരണക്കാർക്ക് അവരുടെ ചിന്തകളും അനുഭവങ്ങളും സർഗാത്മക രചനകളും അല്ലെങ്കിൽ പ്രധാനപ്പെട്ട സാമൂഹ്യവിഷയങ്ങളിലെ അഭിപ്രായങ്ങളും പങ്കുവയ്ക്കാൻ ഇത് അവസരമൊരുക്കും. ഇത്തരം വേദി വായനക്കാരുമായി ബന്ധപ്പെടാൻ മാത്രമല്ല, പ്രസിദ്ധീകരണത്തിലേക്കു വ്യത്യസ്തമായ, യഥാർഥ ജീവിതവീക്ഷണങ്ങൾ കൊണ്ടുവരാനും സഹായിക്കും. ഈ സംരംഭത്തിനു സമൂഹത്തിന്റെ പങ്കാളിത്തബോധം ശക്തമാക്കാനും മാഗസിനെ കൂടുതൽ വിശ്വാസയോഗ്യമാക്കാനും കഴിയും. ഗുണനിലവാരമുള്ള ഉള്ളടക്കം തയ്യാറാക്കാനുള്ള നിങ്ങളുടെ ടീമിന്റെ ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു, ഈ ആശയം മൂല്യം വർധിപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**ശാലിനി ഭട്നാഗർ**

sbhatnagar1971@gmail.com

### വായിക്കാൻ എപ്പോഴും ആകാംക്ഷയോടെ കാത്തിരിക്കുന്നു...

ഞാൻ ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ സ്ഥിരം വായനക്കാരനാണ്. എനിക്കിതു വളരെ മികച്ചതായി തോന്നുന്നു; ഇത് എന്നെ മികച്ച അറിവുള്ള വ്യക്തിയാക്കി നിലനിർത്തുന്നു. എപ്പോഴും ഇതു വായിക്കാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഇതു വായിക്കുന്നതു സങ്കീർണമായ വിഷയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ എന്നെ സഹായിക്കുന്നു.

kumar.mohan5699@gmail.com

ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003

ഇ-മെയിൽ: response-nis@pib.gov.in

## ഇന്ത്യ ആദ്യ ഡെങ്കി വാക്സിന് അംഗീകാരം നൽകി

ഡെങ്കിപ്പനി തടയുന്നതിനായി ഡെങ്കി ടെട്രാവാലന്റ് വാക്സിനായ (ലൈവ്, ആറ്റെനുവേറ്റഡ്) 'ക്യുഡെംഗ'യ്ക്ക് ഇന്ത്യാ ഗവണ്മെന്റിന്റെ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ (CDSCO) വിപണനാംഗീകാരം നൽകി. ജർമനിയിലെ ടാകെഡ GmbH ആണു വാക്സിൻ നിർമിക്കുന്നത്. ഡെങ്കിപ്പനി പ്രതിരോധത്തിനായി ഇന്ത്യയിൽ അംഗീകാരം ലഭിക്കുന്ന ആദ്യ ഡെങ്കി വാക്സിനാണിത്. ക്യുഡെംഗയ്ക്ക് ഇതിനകം ലോകാരോഗ്യ സംഘടനയുടെ പ്രീ-ക്വാളിഫിക്കേഷനും 42 രാജ്യങ്ങളിൽ അംഗീകാരവും ലഭിച്ചിട്ടുണ്ട്. അവിടങ്ങളിൽ ഇതുവരെ 2.4 കോടിയിലധികം ഡോസുകൾ വിതരണം ചെയ്തിട്ടുണ്ട്. വാക്സിന്റെ ഗുണനിലവാരം, സുരക്ഷ, കാര്യക്ഷമത എന്നിവയെക്കുറിച്ചുള്ള സമഗ്ര ശാസ്ത്രീയ വിലയിരുത്തലിനുശേഷമാണ് ഈ അംഗീകാരമെന്നു CDSCO വ്യക്തമാക്കി. 4 മുതൽ 60 വയസ്സ് വരെയുള്ള വ്യക്തികൾക്കു മൂന്നുമാസത്തെ ഇടവേളയിൽ (0, 3 മാസങ്ങളിൽ) രണ്ടു ഡോസുകളായാണ് ഈ വാക്സിൻ നൽകുന്നത്.




## വിരമിച്ച അഗ്നിവീരർക്കു സംവരണം

വിവിധതസ്തികകളിലേക്കുള്ള നിയമനങ്ങളിൽ അഗ്നിവീരർക്കു സംവരണവും ഇളവുകളും നൽകാൻ കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചു. ഈ സംരംഭത്തിനു കീഴിൽ, കേന്ദ്ര സായുധ പൊലീസ് സേനകളിലെയും (CAPF) അസം റൈഫിൾസിലെയും കോൺസ്റ്റബിൾ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട്, മുൻ അഗ്നിവീരർക്കായി ഗവണ്മെന്റ് പുതിയ വിഭാഗം സൃഷ്ടിച്ചു. ഈ വിഭാഗത്തിന് ഒഴിവുകളിൽ 50% സംവരണവും നിർദിഷ്ട ഉയർന്ന പ്രായപരിധിയിൽ 3 വർഷത്തെ ഇളവും ലഭിക്കും. മുൻ അഗ്നിവീരരുടെ ആദ്യ ബാച്ചിൽനിന്നുള്ള ഉദ്യോഗാർഥികൾക്കു നിർദിഷ്ട ഉയർന്ന പരിധിക്കു മുകളിൽ 5 വർഷത്തെ പ്രായ ഇളവു ലഭിക്കും. അഗ്നിവീരർമാരെ കായികക്ഷമതാ പരീക്ഷയിൽ നിന്നും എഴുത്തുപരീക്ഷയിൽ നിന്നും ഒഴിവാക്കും.

### റെയിൽവേ നിയമനത്തിൽ അഗ്നിവീരർക്കു സംവരണം

- റെയിൽവേയിലെ നോൺ-ഗസറ്റഡ് തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിൽ അഗ്നിവീരർക്കു പേ ലെവൽ-1 ൽ 10% സംവരണത്തിനും പേ ലെവൽ-2 ൽ 5% സംവരണത്തിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.
- റെയിൽവേ സുരക്ഷാസേനയിലെ (RPF) കോൺസ്റ്റബിൾ നിയമനത്തിന് 10% സംവരണം നൽകും.



## ജ്യോതിശാസ്ത്രജ്ഞർ അപൂർവമായ 'ബ്ലൂ സ്ട്രാഗ്ലർ' നക്ഷത്രത്തെ കണ്ടെത്തി




ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സിലെ (IIA) ശാസ്ത്രജ്ഞർ അന്താരാഷ്ട്ര പങ്കാളികളുമായി സഹകരിച്ച് അപൂർവമായ 'ബ്ലൂ സ്ട്രാഗ്ലർ' നക്ഷത്രത്തെ കണ്ടെത്തി. ഈ നക്ഷത്രം നിലവിൽ രൂപീകരണ ഘട്ടത്തിലാണ്. ഏകദേശം 9,500 പ്രകാശവർഷം അകലെയുള്ള കോളിൻഡർ 261 നക്ഷത്രസമൂഹത്തിലാണ് ഇതു സ്ഥിതിചെയ്യുന്നത്. ഇത് അതിന്റെ സഹനക്ഷത്രത്തിൽനിന്നു തുടർച്ചയായി പദാർഥങ്ങൾ വലിച്ചെടുക്കുന്നതായും, ഇതു കാരണം കൂടുതൽ ചൂടുള്ളതും തിളക്കമുള്ളതും പിണ്ഡമുള്ളതുമായി മാറുന്നതായും പഠനം വെളിപ്പെടുത്തി. നാസയുടെ TESS ദൗത്യത്തിൽ നിന്നും യൂറോപ്യൻ സതേൺ ഒബ്സർവേറ്ററിയുടെ വെരി ലാർജ് ടെലിസ്കോപ്പിൽ നിന്നുമുള്ള ഡേറ്റ ഉപയോഗിച്ചാണ് ഈ കണ്ടെത്തൽ സ്ഥിരീകരിച്ചത്. ബ്ലൂ സ്ട്രാഗ്ലർ നക്ഷത്രം അതിന്റെ സഹനക്ഷത്രത്തിൽനിന്നു തുടർച്ചയായി പദാർഥങ്ങൾ വലിച്ചെടുക്കുന്നുവെന്നു ഗവേഷകർ കണ്ടെത്തി. 5.46 ശതകോടി വർഷങ്ങൾക്കുമുൻപ് ആരംഭിച്ച പിണ്ഡ കൈമാറ്റപ്രക്രിയ ഇപ്പോഴും തുടരുകയാണ്. ബ്ലൂ സ്ട്രാഗ്ലർ നക്ഷത്രത്തിന്റെ പിണ്ഡം സൂര്യന്റെ പിണ്ഡത്തിന്റെ 1.67 മടങ്ങാണെന്നും വെളിപ്പെട്ടു.

## പിഎൽഐ വഴി നിർമാണമേഖലയ്ക്ക് ഉത്തേജനം

### നിക്ഷേപത്തിലും കയറ്റുമതിയിലും വർധന; 14.15 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു

നിർമാണശേഷി വർധിപ്പിക്കുക, നിക്ഷേപം ആകർഷിക്കുക, കയറ്റുമതി പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ 14 പ്രമുഖ മേഖലകളിലായി ഗവണ്മെന്റ് ആരംഭിച്ച ഉൽപ്പാദനബന്ധിത ആനുകൂല്യ (PLI) പദ്ധതികൾ 2026 മാർച്ച് 31 വരെ 2.40 ലക്ഷം കോടി രൂപയിലധികം നിക്ഷേപം ആകർഷിച്ചു. ഇത് 14.15 ലക്ഷത്തിലധികം (നേരിട്ടും പരോക്ഷമായും) തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. കൂടാതെ, പദ്ധതി ഇതുവരെ 15.2 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള മൊത്തം കയറ്റുമതിക്കു വഴിയൊരുക്കി.

**മൊബൈൽ നിർമാണം:** മൊബൈൽ ഉൽപ്പാദനം 2.4 മടങ്ങു വർധിച്ചപ്പോൾ ഇറക്കുമതി 77% കുറഞ്ഞു. രാജ്യത്ത് ഉപയോഗിക്കുന്ന 99.2% ഫോണുകളും തദ്ദേശീയമായി നിർമിച്ചവയാണ്.

**ഔഷധമേഖല:** വിൽപ്പന 3.64 ലക്ഷം കോടി രൂപ കവിഞ്ഞു; 1,931 മരുന്നുകളുടെയും 191 പുതിയ ബൾക്ക് ഡ്രഗ്ഗുകളുടെയും ആഭ്യന്തര ഉൽപ്പാദനം ആരംഭിച്ചു.

**മെഡിക്കൽ ഉപകരണങ്ങൾ:** പിഎൽഐ പദ്ധതിയെത്തുടർന്ന് CT സ്കാനറുകൾ, MRI മെഷീനുകൾ, കാത്ത് ലാബുകൾ, അൾട്രാസൊണോഗ്രാഫി ഉപകരണങ്ങൾ എന്നിവയുടെ ആഭ്യന്തര നിർമാണം വർധിച്ചു; 55 തരം ഉപകരണങ്ങൾ വികസിപ്പിച്ചു.






## 'കുശ' മിസൈലിന്റെ വിജയകരമായ പരീക്ഷണം



2026 ജൂലൈ 23-ന്, പ്രതിരോധ ഗവേഷണ-വികസന സംഘടന (DRDO) ഒഡിഷ തീരത്തുള്ള എ പി ജെ അബ്ദുൾ കലാം ദ്വീപിൽ നിന്നു വിദൂരപരിധിയുള്ള ഉപരിതല-വായു മിസൈലായ 'കുശ'യുടെ വിജയകരമായ ആദ്യ പരീക്ഷണം നടത്തി. കൃത്രിമമായി സൃഷ്ടിച്ച ഉയർന്ന വേഗതയും ഉയരത്തിലുള്ളതുമായ ഇലക്ട്രോണിക് വ്യോമഭീഷണി ലക്ഷ്യത്തിനു നേർക്കായിരുന്നു ആദ്യ പരീക്ഷണം. മിസൈൽ സംവിധാനം ലക്ഷ്യത്തെ വിജയകരമായി തടയുകയും (നശിപ്പിക്കുകയും) ചെയ്തു. വിവിധ ദൂരങ്ങളിലും ഉയരങ്ങളിലുമുള്ള യുദ്ധവിമാനങ്ങൾ, മിസൈലുകൾ, ആളില്ലാ ആകാശയാനങ്ങൾ (UAVs), ശത്രുക്കളുടെ വലിയ വിമാനങ്ങൾ എന്നിവയുൾപ്പെടെയുള്ള വിവിധ തരം വ്യോമഭീഷണികളെ നിർവീര്യമാക്കാൻ 'കുശ' മിസൈൽ സംവിധാനത്തിനു ശേഷിയുണ്ട്.

## 2026-ലെ അന്താരാഷ്ട്ര ശാസ്ത്ര-ഗണിതശാസ്ത്ര ഒളിമ്പ്യാഡുകളിൽ ഇന്ത്യക്ക് ചരിത്ര നേട്ടം




2026-ലെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് അന്താരാഷ്ട്ര ഒളിമ്പ്യാഡുകളിൽ ഇന്ത്യൻ വിദ്യാർഥികൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ആഗോള വേദിയിൽ രാജ്യത്തിന്റെ ശാസ്ത്രീയ മികവ് പ്രകടമാക്കുകയും ചെയ്തു. ഈ വർഷം ഈ നാല് ഒളിമ്പ്യാഡുകളിലുമായി ഇന്ത്യ ആകെ 12 സ്വർണവും 7 വെള്ളിയും നേടി. ഫിസിക്സ്, കെമിസ്ട്രി ഒളിമ്പ്യാഡുകളിൽ പങ്കെടുത്ത ഓരോ ഇന്ത്യൻ പ്രതിനിധിയും സ്വർണമെഡൽ നേടി എന്നതാണ് ചരിത്രപരമായ സവിശേഷത. ശാസ്ത്ര-ഗണിത ശാസ്ത്ര മേഖലകളിലെ ദേശീയ ഒളിമ്പ്യാഡ് പരിപാടിയുടെ ഫലപ്രാപ്തിയാണ് ഈ ഉജ്വല വിജയം കാണിക്കുന്നത്. ആണവോർജ വകുപ്പിന്റെ പിന്തുണയോടെയും ഹോമി ഭാഭ സെന്റർ ഫോർ സയൻസ് എജ്യുക്കേഷന്റെ വിദഗ്ധ മാർഗനിർദേശത്തിലുമാണ് ഈ പരിപാടി നടത്തുന്നത്.

ഏകദേശം നാലുപതിറ്റാണ്ടായി, രാജ്യത്തെ കഴിവുള്ള യുവാക്കളെ കണ്ടെത്താനും വളർത്താനും അന്താരാഷ്ട്ര മത്സരങ്ങളിൽ വിജയം കൈവരിക്കാൻ അവരെ പ്രാപ്തരാക്കാനും ആണവോർജ വകുപ്പ് തുടർച്ചയായ സ്ഥാപനപരമായ പിന്തുണ നൽകി വരുന്നു.



കേന്ദ്രമന്ത്രിസഭായോഗ തീരുമാനങ്ങൾ

# 'ഭവ്യ-രസായൻ' പദ്ധതിക്ക് അംഗീകാരവും
# പിഎം-കിസാൻ പദ്ധതിയുടെ തുടർച്ചയും

*രാസവസ്തു നിർമാണ മേഖലയിൽ ആഗോളതലത്തിൽ രാജ്യത്തെ ഒന്നാമതെത്തിക്കാൻ കേന്ദ്രഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇതിനായി, രാജ്യത്തിന്റെ രാസവസ്തു – പെട്രോകെമിക്കൽസ് ആവാസവ്യവസ്ഥയ്ക്കു കരുത്തേകുന്നതിനുള്ള സുപ്രധാന ചുവടുവയ്പായ 'ഭവ്യ – രസായൻ' പദ്ധതിക്കു കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. കൂടാതെ, മറ്റു പ്രധാന നിർദേശങ്ങൾക്കൊപ്പം പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി (പിഎം – കിസാൻ) പദ്ധതി 2026 – 27 മുതൽ 2030 – 31 വരെ തുടരുന്നതിനും അംഗീകാരം നൽകി...*

**തീരുമാനം: രാജ്യത്തു മൂന്ന് സമർപ്പിത രാസവസ്തു പാർക്കുകൾ സ്ഥാപിക്കുന്നതിനായി ഭാരത് ഔദ്യോഗിക് വികാസ് യോജന രസായൻ അഥവാ ഭവ്യ-രസായൻ പദ്ധതിക്കു കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി.**

**സ്വാധീനം:** 2026-27 സാമ്പത്തിക വർഷത്തെ കേന്ദ്രബജറ്റിലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. പദ്ധതിക്കായി 3,030 കോടി രൂപ വകയിരുത്തും. 2026-27 സാമ്പത്തിക വർഷം മുതൽ 2030-31 സാമ്പത്തിക വർഷം വരെയുള്ള അഞ്ചുവർഷത്തേക്ക് ഇതിനു പ്രാബല്യമുണ്ടാകും.

- കെമിക്കൽ മേഖലയിലെ മൂല്യശൃംഖലയ്ക്കുള്ളിലെ അപ്സ്ട്രീം, ഡൗൺസ്ട്രീം, അനുബന്ധ വ്യവസായങ്ങളുടെ സമഗ്ര വികസനം എന്നിവ ഇതു പ്രോത്സാഹിപ്പിക്കും.
- ഉൽപ്പാദനച്ചെലവുകളിലെ മത്സരശേഷി മെച്ചപ്പെടുകയും ഇത് ഇന്ത്യൻ രാസവ്യവസായത്തെ ആഗോളതലത്തിൽ കൂടുതൽ മത്സരശേഷിയുള്ളതാക്കുകയും ചെയ്യും.
- ഇന്ത്യൻ രാസവ്യവസായത്തിന് ആഗോള മൂല്യശൃംഖലകളുമായി മികച്ച സംയോജനം കൈവരിക്കാനാകും; കയറ്റുമതി പ്രോത്സാഹിപ്പിക്കപ്പെടുകയും ഇറക്കുമതിയെ ആശ്രയിക്കുന്നതു കുറയുകയും ചെയ്യും.
- പരിസ്ഥിതി സൗഹൃദ വ്യാവസായിക ആവാസവ്യവസ്ഥയിലൂടെ സുസ്ഥിര വ്യാവസായിക വളർച്ച പ്രോത്സാഹിപ്പിക്കും.

**തീരുമാനം: പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി (പിഎം-കിസാൻ) പദ്ധതി 2026-27 മുതൽ 2030-31 വരെ തുടരുന്നതിന് അംഗീകാരം.**

**സ്വാധീനം:** പിഎം-കിസാൻ പദ്ധതിക്കു കീഴിൽ ലഭിക്കുന്ന സഹായം വിത്തുകൾ, രാസവളങ്ങൾ, ജലസേചനം, കാർഷിക യന്ത്രങ്ങൾ, മറ്റു കാർഷിക ആവശ്യങ്ങൾ എന്നിവയിൽ സമയബന്ധിതമായി നിക്ഷേപം നടത്താൻ കർഷകരെ സഹായിക്കുന്നു. ഇതു കർഷകരുടെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുകയും അനൗപചാരിക വായ്പകളെ ആശ്രയിക്കുന്നതു കുറയ്ക്കുകയും ഗ്രാമീണ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിരത ശക്തിപ്പെടുത്തുകയും ചെയ്തു.

- ആകെ 3.15 ലക്ഷം കോടി രൂപയുടെ സാമ്പത്തിക വിഹിതത്തിനാണ് അംഗീകാരം.
- പദ്ധതിക്കു കീഴിൽ, അർഹരായ ഭൂവുടമകളായ കർഷക കുടുംബങ്ങൾക്കു പ്രതിവർഷം 6,000 രൂപ സാമ്പത്തിക സഹായം ലഭിക്കുന്നു. അതു മൂന്നു തുല്യഗഡുക്കളായി അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നേരിട്ടു കൈമാറുന്നു.
- ഇതുവരെ, 23 ഗഡുക്കളിലായി 4.47 ലക്ഷം കോടി രൂപയിലധികം തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നേരിട്ടു കൈമാറി.

*മന്ത്രിസഭാ തീരുമാനങ്ങളെക്കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ.*

*മന്ത്രിസഭാ തീരുമാനങ്ങളെക്കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ.*



**തീരുമാനം:‘പ്രധാൻ മന്ത്രി സൂര്യ സരോവർ യോജന (PM-SSY)’ പദ്ധതിക്ക് അംഗീകാരം നൽകി. ജലസംഭരണികൾ, തടാകങ്ങൾ, കുളങ്ങൾ തുടങ്ങിയ ജലാശയങ്ങളിൽ വിന്യസിച്ചിരിക്കുന്ന സൗരോർജ്ജ സംവിധാനമായ ഫ്ലോട്ടിംഗ് സോളാർ ഫോട്ടോവോൾട്ടായിക് ഉൾപ്പെടെയുള്ള ഊർജ്ജ ഉല്പാദന - സംഭരണ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി.**

**സ്വാധീനം:** ഈ പദ്ധതിക്ക് കീഴിൽ 5,000 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ ഫോട്ടോവോൾട്ടായിക് പദ്ധതികൾ വികസിപ്പിക്കും.

- പുനരുപയോഗ ഊർജ്ജ ശേഷി വർദ്ധിപ്പിക്കുന്നതിനും ദേശീയ ഊർജ്ജ, കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഈ പദ്ധതി സഹായകമാകും.
- വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രയാണത്തോടൊപ്പം ജലസ്രോതസ്സുകളുടെ പരമാവധി ഉപയോഗം ഇത് സാധ്യമാക്കും.
- ഈ പദ്ധതി എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മികച്ച രീതിയിൽ പ്രയോജനപ്പെടും. വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ആകെ ബജറ്റ് വിഹിതം 5,070 കോടി രൂപയാണ്.

**തീരുമാനം: കർണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ബല്ലാരി-ഗുണ്ടക്കൽ റെയിൽവേ സെക്ഷനിൽ മൂന്നാമത്തേയും നാലാമത്തെയും റെയിൽവേ ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകി.**

**സ്വാധീനം:** ഏകദേശം 1,264 കോടി രൂപയാണ് പദ്ധതി ചെലവായി കണക്കാക്കപ്പെട്ടിരിക്കുന്നത്. 2028-29 വർഷത്തോടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. റെയിൽവേ ലൈനുകളുടെ ശേഷി വർദ്ധിക്കുന്നത് സുഗമമായ റെയിൽ ഗതാഗതം ഉറപ്പാക്കുകയും ഇന്ത്യൻ റെയിൽവേയുടെ പ്രവർത്തനക്ഷമതയും സേവന വിശ്വാസ്യതയും ഗണ്യമായി മെച്ചപ്പെടുത്തുകയും ചെയ്യും. റെയിൽവേ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിലും തിരക്ക് കുറയ്ക്കുന്നതിലും ഈ മൾട്ടി-ട്രാക്കിംഗ് പദ്ധതി നിർണായക പങ്ക് വഹിക്കും.

- നിലവിലുള്ള ഇന്ത്യൻ റെയിൽവേ ശൃംഖലയിലേക്ക് ഏകദേശം 46 കിലോമീറ്റർ ഇതിലൂടെ കൂട്ടിച്ചേർക്കപ്പെടും.
- പ്രതിവർഷം 16 ദശലക്ഷം ടൺ അധിക ചരക്ക് വഹിക്കാനുള്ള ശേഷി ഇതിലൂടെ സാധിക്കും. അതുവഴി ലോജിസ്റ്റിക് ചെലവിൽ വർഷത്തിൽ ഏകദേശം 149 കോടിയോളം രൂപ ലാഭിക്കാൻ സാധിക്കും.
- ഏകദേശം 99 ഗ്രാമങ്ങളിലേക്കുള്ള റെയിൽ കണക്റ്റിവിറ്റി മെച്ചപ്പെടും. ഏഴ് ലക്ഷം ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.
- ബെല്ലാരി കോട്ട, ശ്രീ കുമാരസ്വാമി ക്ഷേത്രം എന്നിവയുൾപ്പെടെ രാജ്യത്തുടനീളമുള്ള നിരവധി പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്താൻ വികസിപ്പിച്ച റെയിൽ ശൃംഖലയിലൂടെ സാധിക്കും.

- ഇതിലൂടെ പ്രതിവർഷം ഏകദേശം 13.2 ദശലക്ഷം ലിറ്റർ ഇന്ധനം ലാഭിക്കുവൻ സാധിക്കും. ഈ പദ്ധതി കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനത്തിൽ 66.7 ദശലക്ഷം കിലോഗ്രാമിന്റെ കുറവുണ്ടാക്കും. ഇത് 2.7 ദശലക്ഷം മരങ്ങൾ നടുന്നതിന് തുല്യമാണ്.

**തീരുമാനം: പരിഷ്കരിച്ച ഖേലോ ഇന്ത്യ പദ്ധതിക്ക് അംഗീകാരം നൽകുകയും ദേശീയ കായിക ഫെഡറേഷനുകൾക്കുള്ള (എൻഎസ്എഫ്) പിന്തുണ വർദ്ധിപ്പിക്കുകയും ചെയ്തു.**

**സ്വാധീനം:** 2026-27 മുതൽ 2030-31 വരെയുള്ള കാലയളവിലേക്ക് 36,441 കോടി രൂപയുടെ ബജറ്റ് വിഹിതം അനുവദിച്ചു. ഇത് മുൻ ഖേലോ ഇന്ത്യ പദ്ധതിയുടെ ബജറ്റിനേക്കാൾ ഏകദേശം എട്ടിരട്ടിയാണ്.

- ഈ പുതിയ സംരംഭം കായിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തും. ഇതിന്റെ കീഴിൽ ദേശീയ കായിക ഫെഡറേഷനുകൾക്കുള്ള സഹായം വർദ്ധിക്കും.
- വർദ്ധിപ്പിച്ച ധനസഹായം ശേഷി വികസനത്തിനായി വിനിയോഗിക്കും. കൂടാതെ വിദേശ വിദഗ്ധരുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി അത്‌ലറ്റുകൾക്ക് പുതിയ ഉയരങ്ങളിലെത്താനും ആഗോള തലത്തിൽ അവരുടെ കഴിവ് തെളിയിക്കാനും സഹായിക്കും.

**തീരുമാനം: ദേശീയ ആഴക്കടൽ പര്യവേഷണ പദ്ധതിയായ ‘സമുദ്ര മന്ഥൻ’ന് അംഗീകാരം.**

**സ്വാധീനം:** രാജ്യത്തിന്റെ ആഴക്കടൽ ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനും, ദീർഘകാല ഊർജ്ജ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും, സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും, സമ്പദ് വ്യവസ്ഥയ്ക്കും ഭാവി തലമുറകൾക്കും സുസ്ഥിര മൂല്യം സൃഷ്ടിക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത ഒരു പരിവർത്തനാത്മക ദേശീയ സംരംഭമാണ് ‘സമുദ്ര മന്ഥൻ’.

- ഈ പദ്ധതി ആഴക്കടൽ പര്യവേക്ഷണ പ്രവർത്തനങ്ങൾക്ക് വലിയ പ്രോത്സാഹനം നൽകും. ഇത് ആഭ്യന്തര എണ്ണ, വാതക ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുകയും വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.
- അതോടൊപ്പം, ‘മെയ്ക്ക് ഇൻ ഇന്ത്യ’, ‘ആത്മനിർഭർ ഭാരത്’ സംരംഭങ്ങൾക്ക് കീഴിൽ ആഭ്യന്തര ഉൽപ്പാദനം ശക്തിപ്പെടുത്തും.
- 2030-31 സാമ്പത്തിക വർഷത്തേക്ക് വരെ ഈ പദ്ധതിക്കായി 84,084 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.



**‘കാർഷിക മേഖലയിൽ രാജ്യത്തുടനീളമുള്ള നമ്മുടെ സഹോദരീ സഹോദരന്മാരുടെ ശാക്തീകരണത്തിനും അഭിവൃദ്ധിക്കും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഈ ദിശയിൽ, പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി യോജന 2030 – 31 വരെ നീട്ടാൻ അനുമതി ലഭിച്ചു. നമ്മുടെ കർഷകർക്ക് വിത്തുകൾ, വളങ്ങൾ, കാർഷിക വൃത്തി എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുക മാത്രമല്ല, അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു. ’** - *നരേന്ദ്ര മോദി, പ്രധാനമന്ത്രി*




## ജൻ ധൻ യോജന

### ജനകേന്ദ്രീകൃത സാമ്പത്തിക സംരംഭം

# ഏവരെയും ഉൾക്കൊള്ളുന്ന വളർച്ചയുടെ അടിത്തറ

*കഴിഞ്ഞ 12 വർഷമായി രാജ്യത്തിന്റെ കാഴ്ചപ്പാടിലും ദിശയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരികയും വികസനം പ്രോത്സാഹിപ്പിക്കുകയും, സാമ്പത്തിക വിപ്ലവം നടപ്പിലാക്കുകയും ചെയ്ത ഏറ്റവും ചലനാത്മകമായ പദ്ധതികളിലൊന്നാണ് പ്രധാൻ മന്ത്രി ജൻ ധൻ യോജന – 2014 ഓഗസ്റ്റ് 28 – ന് ആരംഭിച്ച പ്രധാനമന്ത്രി ജൻ ധൻ യോജന, സാധാരണക്കാരനെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കിയത്. രാജ്യത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ പാവപ്പെട്ടവരുടെ ഉന്നമനത്തിനായി ഉപയോഗപ്പെടുന്നു എന്ന് ഈ പദ്ധതി ഉറപ്പാക്കുന്നു. ജൻ ധൻ യോജന എന്ന വിത്ത് ഇന്ന് സാമൂഹിക – സാമ്പത്തിക, സാങ്കേതിക ശാക്തീകരണത്തിന്റെ ഒരു വലിയ ആൽമരമായി വളർന്നു പന്തലിച്ചിരിക്കുകയാണ്, ബഹുതലങ്ങളിലുള്ള മാറ്റങ്ങളിലൂടെ ഇത് സമൂഹത്തിൽ ആഴത്തിലുള്ള സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്....*

**1**

*ഛത്തീസ്ഗഢിലെ ജാഷ്പൂർ ജില്ലയിൽ ആറുപേരടങ്ങുന്ന കുടുംബത്തോടൊപ്പം കഴിയുന്ന ലീല ബായ് പോർതെ, ഒരു കർഷക തൊഴിലാളിയാണ്. 2015 ൽ, അവരുടെ ഗ്രാമമായ കർമിതിക്രയിൽ നിന്ന് 7 കിലോമീറ്റർ അകലെയായിരുന്നു വീടിന് ഏറ്റവും അടുത്തുള്ള ബാങ്ക് സ്ഥിതിചെയ്തിരുന്നത്. ആ കുടുംബത്തിൽ ആർക്കും ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ അവരുടെ ഗ്രാമം സന്ദർശിച്ച ഒരു 'ബാങ്ക് മിത്ര' ഒരു ചെറിയ പോർട്ടബിൾ ഉപകരണം ഉപയോഗിച്ച് അവർക്കായി ഒരു അക്കൗണ്ട് തുറന്നു; പിന്നീട്, ജീവൻ ജ്യോതി ഇൻഷുറൻസ് പദ്ധതിക്കുള്ള ഫോം പൂരിപ്പിക്കാനും അദ്ദേഹം അവരെ സഹായിച്ചു. ആ വർഷം, അവരുടെ ഭർത്താവ് സൂര്യാഘാതത്തിൽ മരിച്ചു. നിസ്സഹായരായ അവർ കടുത്ത മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടിലേക്ക് വീണു. അവരുടെ കുടുംബത്തിന്റെ ഈ സാഹചര്യം ബാങ്ക് മിത്രയെ അറിയിച്ചപ്പോൾ, സാമൂഹിക സുരക്ഷാ പദ്ധതി പ്രകാരം ലഭ്യമായ ഇൻഷുറൻസ് പരിരക്ഷയെക്കുറിച്ചുള്ള വിശദാംശങ്ങൾ അദ്ദേഹം അവരോട് പങ്കുവച്ചു. അദ്ദേഹം അവരുടെ വീട് സന്ദർശിച്ചു, ആവശ്യമായ ഫോമുകൾ പൂരിപ്പിക്കാൻ സഹായിച്ചു. അതിന് ശേഷം അവ കൃത്യമായ ഓഫീസിൽ സമർപ്പിച്ചു, അതിന്റെ ഫലമായി അവരുടെ അക്കൗണ്ടിൽ രണ്ട് ലക്ഷം രൂപ ക്രെഡിറ്റ് ചെയ്യപ്പെട്ടു. ആ പ്രതിസന്ധി ഘട്ടത്തിൽ, സാമ്പത്തിക സഹായം അവർക്ക് ഒരു രക്ഷാമാർഗ്ഗമായി തീരുകയും മുന്നോട്ട് പോകാനുള്ള ഒരു ജീവിത മാർഗമാവുകയും ചെയ്തു.*



**2**

*മധ്യപ്രദേശിലെ ഗ്വാളിയോറിലെ പാനിഹാർ ഗ്രാമത്തിൽ താമസിക്കുന്ന ഗജേന്ദ്ര സിംഗ് 2014 ഓഗസ്റ്റിൽ പ്രധാൻ മന്ത്രി ജൻ ധൻ യോജനയ്ക്ക് കീഴിൽ ഒരു അക്കൗണ്ട് ആരംഭിച്ചു. ഇതിനുമുമ്പ്, അദ്ദേഹത്തിന് ബാങ്ക് അക്കൗണ്ടോ ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് യാതൊരു അറിവോ ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു ചെറുകിട കർഷകനാണ്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ബരായ് ശാഖയിൽ ഒരു അക്കൗണ്ട് തുറന്നതിനുശേഷം, ഗജേന്ദ്ര സിംഗ് അത് ഉപയോഗിക്കാൻ തുടങ്ങി. ബാങ്ക് അക്കൗണ്ടിന്റെ നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം അയൽ ഗ്രാമങ്ങളിൽ ഉള്ളവർക്ക് ബോധവത്കരണം നടത്തുകയും ചെയ്തു. സാമ്പത്തിക ഉൾപ്പെടുത്തലിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധാരണയും ഗണ്യമായി വളർന്നു.*

പ്രധാൻമന്ത്രി ജൻ ധൻ യോജനയുടെ ഗുണഭോക്താക്കളുടെ വിജയഗാഥകൾ-വെറും ഒരു ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനപ്പുറം, ആത്മസംതൃപ്തിയും, ആത്മാഭിമാനവും, അന്തസും നിറഞ്ഞുനിൽക്കുന്നതാണ്. കഴിഞ്ഞ 12 വർഷത്തിനിടയിൽ, സാമൂഹിക-സാമ്പത്തിക മേഖലയിൽ ഒരു പരിവർത്തന കാലഘട്ടത്തിന് ഈ വിജയ ഗാഥകൾ സാക്ഷ്യം വഹിച്ചു. ഏതൊരു സമൂഹത്തിലും ശക്തമായ ഒരു സമ്പദ്‌വ്യവസ്ഥ വിപ്ലവകരമായ മാറ്റത്തിന് കാരണമാകുന്നു, ആ സമ്പദ്‌വ്യവസ്ഥയ്ക്കുള്ളിലെ സാമ്പത്തിക സുരക്ഷയുടെ അടിത്തറ ബാങ്ക് അക്കൗണ്ടാണ്. ജൻ ധൻ യോജനയുടെ സ്വാധീനം അക്കൗണ്ടുകൾ തുറക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല; അതിന്റെ 12 വർഷത്തെ യാത്രയിലുടനീളം, വിവിധ തലങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന ദീർഘകാലം നിലനിൽക്കുന്ന പരിവർത്തനങ്ങൾക്ക് തുടക്കമിട്ടു. സാമൂഹിക, സാമ്പത്തിക, സാങ്കേതിക മേഖലകളിൽ ആഗോള തലത്തിൽ ഇന്ത്യയുടെ പ്രതിച്ഛായയെ ഇത് പുനർനിർമ്മിച്ചു.

2014 ഓഗസ്റ്റ് 15-ന്, പാവപ്പെട്ടവരെയും ബാങ്ക് അക്കൗണ്ടുകൾ ഇല്ലാത്തവരെയും ബാങ്കിംഗ്-സാമ്പത്തിക സേവനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അവരെ ദാരിദ്ര്യത്തിന്റെ വലയത്തിൽ നിന്നും കരകയറ്റുക എന്ന ലക്ഷ്യത്തോടെയാണ് ജൻ ധൻ യോജന പ്രഖ്യാപിച്ചത്. പ്രഖ്യാപനം വന്ന് വെറും 15 ദിവസത്തിനുള്ളിൽ തന്നെ ഈ പദ്ധതി നടപ്പിലാക്കി. ജനകേന്ദ്രീകൃതമായ ഒരു സാമ്പത്തിക മുന്നേറ്റത്തിന്റെ തറക്കല്ലായി മാറിയ ഈ പദ്ധതി, 'എല്ലാ കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ട്' എന്ന സമീപനത്തിനപ്പുറം 'എല്ലാ മുതിർന്ന വ്യക്തികൾക്കും' ബാങ്ക് അക്കൗണ്ട് ഉണ്ടെന്ന് ഉറപ്പാക്കുന്ന തരത്തിൽ ഒരു പടി കൂടി മുന്നോട്ട് പോയി. പാവപ്പെട്ടവർക്ക് ഒരു ജൻ ധൻ അക്കൗണ്ട് ലഭ്യമായപ്പോൾ-അതൊരു ചെറിയ ചുവടുവെപ്പായി തോന്നാമെങ്കിലും-അത് അവരുടെ ആത്മാഭിമാനത്തെ ഉണർത്താൻ കാരണമായി. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ പോലും ലക്ഷക്കണക്കിന് കോടി രൂപയാണ് സമ്പാദ്യത്തിന്റെ രൂപത്തിൽ ഇതിലൂടെ സംഭാവന ചെയ്തിരിക്കുന്നത്.



# പ്രധാൻ മന്ത്രി ജൻ ധൻ യോജന ഒറ്റനോട്ടത്തിൽ

**ആകെ ജൻധൻ അക്കൗണ്ടുകൾ**
(ജൂലൈ 8 വരെയുള്ള കണക്ക്)
**58.70** കോടി

**ഗ്രാമീണ, ചെറിയ-നഗര അക്കൗണ്ടുകളുടെ വിഹിതം**
ഏകദേശം
**78%**

**റുപേ കാർഡിന്റെ വിതരണം**
ഏകദേശം
**41** കോടി



**സ്ത്രീ അക്കൗണ്ട് ഉടമകളുടെ**
ഏകദേശ കണക്ക്
**56%**

**ആകെ നിക്ഷേപം**
ഏകദേശ കണക്ക്
**3.10** ലക്ഷം കോടി രൂപ

**സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഇടിവ്**
ഏകദേശം 70% (2015)
ഏകദേശം 8% (2026)

2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്ര ഗവൺമെന്റിന്റെ ചുമതലയേറ്റപ്പോൾ, അദ്ദേഹം രാജ്യത്തിന്റെ സംവിധാനങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിച്ചു. സദ്ഭരണത്തിലും ദീർഘകാല ദർശനത്തിലുമുള്ള തന്റെ മുൻകാല അനുഭവങ്ങൾ ഉപയോഗപ്പെടുത്തി, സാമൂഹിക-സാമ്പത്തിക വ്യവസ്ഥയുടെ ഏറ്റവും താഴത്തെ തട്ടിലുള്ള വ്യക്തിയെ ശാക്തീകരിക്കുന്നതിനും അവരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനുമായി അദ്ദേഹം വ്യവസ്ഥാപിതമായ നടപടികൾ സ്വീകരിച്ചു. ഈ മുന്നേറ്റങ്ങളുടെയെല്ലാം അടിത്തറയായി മാറിയത് 'പ്രധാൻമന്ത്രി ജൻ ധൻ യോജന' ആണ്. പാവപ്പെട്ടവരുടെ പടിവാതിൽക്കൽ ബാങ്കിംഗ് സേവനങ്ങൾ എത്തിക്കുന്നതിനായി ഒരു അതുല്യമായ പദ്ധതിക്ക് തുടക്കം കുറിച്ചു. ജനങ്ങളുടെ പണം-അവർക്ക് അവകാശപ്പെട്ട പണം-നേരിട്ട് അവർക്ക് തന്നെ ലഭിക്കണം എന്നതായിരുന്നു ഇതിന്റെ തത്വം.

ഈ സമഗ്രമായ കാഴ്ചപ്പാടോടെ, ജൻ ധൻ അക്കൗണ്ടുകൾ, ആധാർ, മൊബൈൽ കണക്റ്റിവിറ്റി എന്നിവ ഉൾപ്പെടുന്ന ശക്തമായ ഒരു 'ത്രിത്വം' കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചു. ഇത് പാവപ്പെട്ടവർക്കായി നീക്കിവെച്ച ഫണ്ടുകൾ ചോർന്നുപോകുന്നത് ഫലപ്രദമായി തടഞ്ഞു. ഇപ്പോൾ ഭവന നിർമ്മാണത്തിനുള്ള ധനസഹായം, എൽ.പി.ജി സബ്സിഡി, തൊഴിലുറപ്പ് പദ്ധതിയുടെ കൂലി, അല്ലെങ്കിൽ കിസാൻ സമ്മാൻ നിധി എന്നിവയെല്ലാം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് എത്തുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യാതൊരു വിവേചനവുമില്ലാതെ എല്ലാവർക്കും നേരിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നു.തുടർന്ന്, ഗുണഭോക്താക്കളെ ശാക്തീകരിക്കുന്നതിനായി സ്റ്റാൻഡ്-അപ്പ് ഇന്ത്യ, സ്റ്റാർട്ട്-അപ്പ് ഇന്ത്യ , മുദ്ര യോജന തുടങ്ങിയ പദ്ധതികളുമായി അവരെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു സംവിധാനവും സ്ഥാപിക്കപ്പെട്ടു. ചുരുക്കത്തിൽ, സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം തന്നെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന എല്ലാ പദ്ധതികളുടെയും അടിസ്ഥാന ശിലയായി പ്രധാൻമന്ത്രി ജൻ ധൻ യോജന മാറിയിരിക്കുന്നു.

# PMJDY

## അക്കൗണ്ടുകളുടെ സവിശേഷതയും, സൗജന്യ സേവനങ്ങളും

PMJDY അക്കൗണ്ടുകൾ അടിസ്ഥാന സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ് അക്കൗണ്ടുകളാണ് (BSBDA). പൂർണ്ണമായും KYC-അനുയോജ്യമായ PMJDY അക്കൗണ്ടുകൾക്ക് കുറഞ്ഞ ബാലൻസ് തുകയ്ക്കോ ഇടപാടുകൾക്കുള്ള മൂല്യത്തിനോ നിയന്ത്രണങ്ങളൊന്നുമില്ല.

ബാങ്ക് ശാഖകളിലും എടിഎമ്മുകളിലും/സിഡിഎമ്മുകളിലും പണം നിക്ഷേപിക്കാം.

ഏതെങ്കിലും ഇലക്ട്രോണിക് മാർഗത്തിലൂടെയോ കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾ നൽകുന്ന ചെക്കുകളുടെ നിക്ഷേപ/ശേഖരണ ത്തിലൂടെയോ ഫണ്ട് സ്വീകരിക്കാനും/ക്രെഡിറ്റ് ചെയ്യാനും സാധിക്കും.

ഒരു മാസത്തിൽ നടത്തുന്ന നിക്ഷേപങ്ങളുടെ തുകയ്ക്ക് പരിധിയില്ല.

ഏതെങ്കിലും എടിഎമ്മിൽ നിന്ന് ഉൾപ്പെടെ (മെട്രോ എടിഎമ്മുകൾ ഉൾപ്പെടെ), പ്രതിമാസം കുറഞ്ഞത് നാല് തവണ സൗജന്യമായി പണം പിൻവലിക്കാം.

രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷയുള്ള സൗജന്യ റുപേ ഡെബിറ്റ് കാർഡ്.

> പി എം ജൻ ധൻ പദ്ധതി വിജയകരമാക്കാൻ പ്രവർത്തിച്ച എല്ലാവരുടെയും അക്ഷീണ പരിശ്രമത്തെ ഞാൻ അഭിനന്ദിക്കുന്നു. അവരുടെ പരിശ്രമങ്ങൾ ഇന്ത്യക്കാർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കിയിട്ടുണ്ട്.
>
> നരേന്ദ്ര മോദി, പ്രധാനമന്ത്രി

'ഒരു ദരിദ്രൻ ബാങ്ക് അക്കൗണ്ട് ഉപയോഗിച്ച് എന്തു ചെയ്യാനാണ്?' എന്ന ചിന്താഗതി പ്രബലമായിരുന്ന ഒരു കാലമുണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തരം 68 വർഷക്കാലം, ജനസംഖ്യയുടെ 68 ശതമാനം പേരും ബാങ്കിംഗ് സംവിധാനത്തിന് പുറത്തായിരുന്നു. 1969-ൽ ബാങ്കുകൾ ദേശസാൽക്കരിച്ചതിനുശേഷവും, 2014 വരെ ഈ സ്ഥിതി തുടർന്നു. രാജ്യത്തെ 50 കോടിയിലധികം വരുന്ന ദരിദ്രർക്ക് ഒരു അടിസ്ഥാന ബാങ്ക് അക്കൗണ്ട് പോലും ഉണ്ടായിരുന്നില്ല . സമൂഹത്തിലെ ഈ വിഭാഗം ഒരിക്കലും ഒരു ബാങ്കിനെ സമീപിക്കാൻ ധൈര്യപ്പെട്ടില്ല; ഒരു ബാങ്ക് അക്കൗണ്ട് സ്വന്തമാക്കുക എന്നത് സമ്പന്നർക്കുള്ള ഒരു പദവിയായി അവർ കണക്കാക്കി. എന്നിരുന്നാലും, 2014 ഓഗസ്റ്റിനുശേഷം, ബാങ്കുകൾ അവരുടെ വീട്ടുവാതിൽക്കൽ എത്തിയപ്പോൾ, വിശ്വാസത്തിന്റെയും ആത്മാഭിമാനത്തിന്റെയും ഒരു ബോധം അവരുടെയുള്ളിൽ ജ്വലിച്ചു, അവരുടെ മനസ്സിൽ ഒരു പുതിയ അഭിലാഷം വേരൂന്നി. ഇന്ന്, അവർ ഓരോരുത്തരും അഭിമാനത്തോടെ സ്വന്തം പോക്കറ്റിൽ നിന്ന് ഒരു റുപേ കാർഡ് വലിച്ചെടുക്കുന്നു. ഡെബിറ്റ് കാർഡ് സമ്പന്നർ ഒരു സ്റ്റാറ്റസ് ചിഹ്നമായി കണക്കാക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു, എന്നാൽ കേന്ദ്ര ഗവൺമെന്റ് ജൻധൻ അക്കൗണ്ടുകളിലൂടെ ആ ചിന്താഗതി മാറ്റി. ജൻ-ധന്റെ വിത്ത് വളർന്ന് ഒരു വലിയ ആൽമരമായി മാറിയിരിക്കുന്നു, അത് നിരവധി ഫലങ്ങൾ നൽകുന്നു.



**അഞ്ച് മടങ്ങ് ഫലം ലഭിക്കുന്നത് ലക്ഷ്യമിട്ട് ജൻ ധൻ പദ്ധതിയുടെ അടിത്തറ പാകൽ**

ഇന്ന്, ജൻ ധൻ പദ്ധതിയിൽ 58 കോടിയിലധികം ബാങ്ക് അക്കൗണ്ടുകളെ ഉൾക്കൊള്ളുന്നു.

# 1 ജനങ്ങളുടെ അടിത്തറ

## സ്വാധീനം

## വളർച്ചാ കേന്ദ്രീകൃതം



1

രാജ്യത്തെ ഓരോ കുടുംബത്തിനും കുറഞ്ഞത് ഒരു ബാങ്ക് അക്കൗണ്ടെങ്കിലും ഉറപ്പാക്കിക്കൊണ്ടാണ് സാമ്പത്തികമായി ഉൾച്ചേർക്കപ്പെട്ട ഇന്ത്യയുടെ അടിത്തറ പാകിയത്.

**89%+**

ലോക ബാങ്കിന്റെ ഗ്ലോബൽ ഫൈൻഡെക്സ് 2025 റിപ്പോർട്ട് അനുസരിച്ച്, രാജ്യത്തെ മുതിർന്നവരിൽ 89%+ പേർക്കും ബാങ്ക് അക്കൗണ്ടുകൾ ലഭ്യമാണ്.

2011-ലെ കണക്കനുസരിച്ച് മുതിർന്നവരിൽ **35%** പേർക്ക് മാത്രമാണ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നത്

2

പാവപ്പെട്ടവർക്കുപോലും ഔദ്യോഗിക ബാങ്കിംഗ് സംവിധാനത്തിന്റെ ഭാഗമാകാൻ അവസരമൊരുക്കിക്കൊണ്ടുള്ള സീറോ ബാലൻസ് അക്കൗണ്ട് സൗകര്യം.

സീറോ ബാലൻസ് അക്കൗണ്ടുകളുടെ എണ്ണം ഇപ്പോൾ **10%** ൽ താഴെയായി കുറഞ്ഞു.

3

ഡെബിറ്റ് കാർഡുകൾ വെറുമൊരു അലങ്കാരം മാത്രമല്ലാതായി; ഓൺലൈൻ പേയ്മെന്റുകൾ കുതിച്ചുയർന്നു.

**40.89** കോടി

റുപേ ഡെബിറ്റ് കാർഡുകൾ അക്കൗണ്ട് ഉടമകൾക്ക് സൗജന്യമായി നൽകിയതിലൂടെ ഡിജിറ്റൽ പണമിടപാട് ശീലം സാധാരണക്കാരിലേക്കും വ്യാപിപ്പിച്ചു.




4

അപകട ഇൻഷുറൻസ് പരിരക്ഷയും ഓവർഡ്രാഫ്റ്റ് സൗകര്യങ്ങളും അക്കൗണ്ട് ഉടമകൾക്ക് അധിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കി.





**34.77** ലക്ഷം

പി.എം.ജെ.ഡി.വൈ. അക്കൗണ്ട് ഉടമകൾ ഓവർഡ്രാഫ്റ്റ് സൗകര്യം പ്രയോജനപ്പെടുത്തി; നിബന്ധനകൾക്ക് വിധേയമായി 10,000 രൂപ വരെ ഓവർഡ്രാഫ്റ്റ് ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കി.

5

**'ബാങ്കിംഗ് മിത്ര' യും ബാങ്കിംഗ് ശൃംഖല യുടെ വിപുലീകരണവും ഗ്രാമീണ, വിദൂര മേഖലകളിൽ സേവനങ്ങൾ ലഭ്യമാക്കി ക്കൊണ്ട് അവസാനത്തെ ആളിലേക്കും ബാങ്കിംഗ് സേവനങ്ങൾ എത്തിച്ചു.**

**13.55**

ലക്ഷം ബാങ്കിംഗ് മിത്രകൾ (ബിസിനസ് കറസ്പോണ്ടന്റുകൾ) ശാഖാരഹിത ബാങ്കിംഗ് സേവനങ്ങൾ നൽകുന്നുണ്ട്.

ഗ്രാമീണ, അർദ്ധനഗര മേഖലകളിൽ തുറന്ന

**45.68**

അക്കൗണ്ടുകൾ ആകെ അക്കൗണ്ടുക ളുടെ ഏകദേശം 78 ശതമാനത്തോളം വരും.

6

**സമ്പാദ്യ ശീലവും സാമ്പത്തിക അച്ചടക്കവും പരിപോഷിപ്പിച്ചു.**

നിർബന്ധിത മിനിമം ബാലൻസ് വേണമെന്ന നിബന്ധനയൊന്നുമില്ലാതിരുന്നിട്ടും, ജൻ ധൻ അക്കൗണ്ടുകളിൽ

**3.10** ലക്ഷം കോടി രൂപ

നിക്ഷേപിക്കപ്പെട്ടു



**മുഴുവൻ ആളുകളും സാമ്പത്തികമായി ബന്ധിപ്പിക്കപ്പെടുമ്പോൾ, രാജ്യം മുഴുവൻ ഒന്നായി മുന്നേറുന്നു. പി.എം. ജൻ ധൻ യോജന കൈവരിച്ചതും ഇതു തന്നെയാണ്. ഇത് ജനങ്ങളുടെ ആത്മാ ഭിമാനം ഉയർത്തുകയും അവരുടെ ഭാഗധേയം സ്വയം നിർണ്ണയിക്കാനുള്ള കരുത്ത് നൽകുകയും ചെയ്തു.**

*പ്രധാനമന്ത്രി നരേന്ദ്ര മോദി*

ഇതിന്റെ ആദ്യ പ്രതിഫലനം, രാജ്യത്തെ മിക്ക വാറും എല്ലാ കുടുംബങ്ങളും പൗരന്മാരും ബാങ്കിംഗ് സംവിധാനത്തിന്റെ ഭാഗമായി എന്നതാണ്. ഇത് വെറുമൊരു ബാങ്ക് അക്കൗണ്ട് മാത്രമല്ല; കൃത്യമായി ക്രമീകരിക്കപ്പെട്ട സുരക്ഷാ പരിരക്ഷയായി ഇത് മാറി. രണ്ടാമത്തെ സ്വാധീനം, ശക്തമായ 'JAM ത്രിത്വം' (ജൻ ധൻ-ആധാർ-മൊബൈൽ) ഗവണ്മെന്റ് പദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് എത്തുന്നു എന്ന് ഉറപ്പാക്കി എന്നതാണ്. ഇത് അഴിമതിയും ചോർച്ചയും തടഞ്ഞു. ഇടനിലക്കാരുടെ പങ്ക് പൂർണ്ണമായും ഇല്ലാതാവുകയും സാമൂഹിക-സാമ്പത്തിക പദ്ധതികളുടെ ആനുകൂല്യങ്ങൾ അവസാനത്തെ ആളിലേക്കും നേരിട്ട് എത്തിത്തുടങ്ങുകയും ചെയ്തു. ഇത് സമ്പദ് വ്യവസ്ഥയെ ഔദ്യോഗിക വൽക്കരിക്കുകയും പണമിടപാടുകളെ ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. ജൻ ധൻ യോജനയ്ക്ക് നന്ദി, പദ്ധതി ആനുകൂല്യങ്ങൾ നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നതിനൊപ്പം-സ്ഥിരമായ വീടുകൾ, ഉജ്ജ്വല യോജനയ്ക്ക് കീഴിലുള്ള സൗജന്യ ഗ്യാസ് സിലിണ്ടറുകൾ, മുദ്ര യോജനയ്ക്ക് കീഴിലുള്ള ഈടുരഹിത വായ്പകൾ, പി.എം. സ്വാമിത്വ പദ്ധതി, മറ്റ് സാമൂഹിക ക്ഷേമ സംരംഭങ്ങൾ എന്നിവയ്ക്കുള്ള വ്യവസ്ഥകൾ -പാവപ്പെട്ടവരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു.



# 2 സ്വാധീനം

## ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറും ഭരണനിർവഹണത്തിലെ സുതാര്യതയും



**1**

**ജൻ ധൻ-ആധാർ-മൊബൈൽ (JAM ത്രിത്വം) എന്നിവയുടെ സംയോജിത ശക്തി ഗവൺമെന്റ് പദ്ധതികളിൽ നിന്നുള്ള സബ്സിഡികളും ആനുകൂല്യങ്ങളും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്നത് സാധ്യമാക്കി.**

**52.50**

ലക്ഷം കോടിയിലധികം രൂപ ജൻ ധൻ-ആധാർ-മൊബൈൽ ശൃംഖലയിലൂടെ പൗരന്മാരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ടെത്തിച്ചു.

**900+**

പദ്ധതികളിലെ ഫണ്ടുകൾ ഡി.ബി.ടി വഴി ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്നു.

**2**

**ഇടനിലക്കാരുടെ പങ്ക് പൂർണ്ണമായും ഇല്ലാതായതോടെ, അഴിമതിയിലും ചോർച്ചയിലും കാര്യമായ കുറവുണ്ടായി.**

DBT സാമൂഹിക സുരക്ഷാ ഗുണഭോക്താക്കളുടെ എണ്ണവും വ്യാപ്തിയും വർദ്ധിപ്പിച്ചു.

**3**

**ഗവൺമെന്റ് ഖജനാവിന് കോടിക്കണക്കിന് രൂപ ലാഭിക്കാൻ സാധിച്ചു; ഈ തുക ഇപ്പോൾ അർഹരായ യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് നേരിട്ടെത്തുന്നു.**

**5+** ₹

ലക്ഷം കോടിയിലധികം രൂപ ഡി.ബി.ടി മുഖേന ലാഭിക്കാൻ സാധിച്ചു. വ്യാജവും ഒന്നിലധികം ഗ്യാസ് കണക്ഷനുകളും റേഷൻ കാർഡുകളും റദ്ദാക്കിയത് ഇത്തരം തട്ടിപ്പുകൾക്ക് പൂർണ്ണമായും തടയിട്ടു.

ഡിബിടിയുടെ ഫലമായി സബ്സിഡി വിഹിതം മൊത്തം ഗവൺമെന്റ് ചെലവിന്റെ 16 ശതമാനത്തിൽ നിന്ന് 9 ശതമാനമായി കുറഞ്ഞു; ഇത് പൊതുചെലവിലെ കാര്യക്ഷമതയുടെ വലിയൊരു മുന്നേറ്റത്തെ അടയാളപ്പെടുത്തുന്നു.



**4**

**പി.എം. കിസാൻ സമ്മാൻ നിധി, ഉജ്ജ്വല യോജന, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ പൗരന്മാർക്ക് കൃത്യസമയത്ത് നേരിട്ട് ലഭ്യമായി.**

23 ഗഡുക്കളിലായി 4.46 ലക്ഷം കോടിയിലധികം രൂപ കർഷകർക്ക് വിതരണം ചെയ്തു.

23 ശതമാനം വനിതകൾ ഉൾപ്പെടെ

**9.44** കോടിയിലധികം കർഷകർക്ക് സഹായം ലഭ്യമാക്കി.

- 2020 ഏപ്രിലിൽ പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ ആദ്യ ഗഡുവായ ?2,000 അനുവദിച്ചു. ഇത് 8.7 കോടി കർഷകർക്ക് പ്രയോജനം ചെയ്തു.
- ഉജ്ജ്വല യോജനയ്ക്ക് കീഴിൽ ഏകദേശം 11 കോടി എൽപിജി കണക്ഷനുകൾ നൽകി, സബ്സിഡികൾ നേരിട്ട് ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാക്കി.
- കോവിഡ്-19 മഹാമാരിയുടെ സമയത്ത് 3 കോടി വിധവകൾക്കും ഭിന്നശേഷിക്കാർക്കും പ്രതിമാസം ?1,000 വീതം സാമ്പത്തിക സഹായം നൽകി.

5

**ഉയർന്ന പലിശ ഈടാക്കുന്ന പ്രാദേശിക പലിശക്കാരെ ആശ്രയിക്കുന്നത് കുറഞ്ഞത് കടക്കെണി അവസാനിപ്പിക്കാൻ സഹായിച്ചു.**

- PMJDY-യിലൂടെ പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ബാങ്കിംഗ് സേവനങ്ങൾ ലഭ്യമായി; അക്കൗണ്ടുകൾ തുറന്നത് ഓവർഡ്രാഫ്റ്റ് സൗകര്യങ്ങളും വായ്പകളും ലഭ്യമാക്കാൻ സഹായിച്ചു.
- PM സ്വനിധി പദ്ധതിക്ക് കീഴിൽ 2026 മാർച്ച് മാസത്തോടെ ഏകദേശം 84 ലക്ഷം വഴിയോര കച്ചവടക്കാർക്ക് ഈടില്ലാതെ ആകെ 17,000 കോടിയിലധികം രൂപയുടെ വായ്പകൾ ലഭിച്ചു.

6

**സാമ്പത്തിക മേഖലയുടെ ഔപചാരികവൽക്കരണം**

- പണമിടപാടുകളെ അടിസ്ഥാനമാക്കിയുള്ള ഔപചാരികമല്ലാത്ത ഇടപാടുകൾ ഔദ്യോഗിക ബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവന്നു.
- പണം കൈവശം വച്ചിരുന്ന വ്യക്തികൾക്ക്, സീറോ ബാലൻസ് ജൻ ധൻ അക്കൗണ്ടുകൾ ആരംഭിച്ചതിലൂടെ തങ്ങളുടെ പണം ബാങ്കുകളിൽ നിക്ഷേപിക്കാൻ സാധിച്ചു.
- മുൻപ് പണമിടപാടുകളെ പ്രാദേശിക പലിശക്കാർ ചൂഷണം ചെയ്തിരുന്നിടത്ത്, ഓൺലൈൻ പേയ്മെന്റുകൾ ഇപ്പോൾ രേഖകൾ സൂക്ഷിക്കുന്നത് കൂടുതൽ എളുപ്പമാക്കി.

7

**സാമ്പത്തിക വിവരങ്ങളുടെ രേഖകൾ പാവപ്പെട്ട പൗരന്മാരുടെ ക്രെഡിറ്റ് സ്കോറിംഗിനും ഭാവിയിലെ വായ്പാ യോഗ്യതയ്ക്കും സഹായകരമാണെന്ന് തെളിയുന്നു.**

- മുൻപ്, അനൗദ്യോഗിക മേഖലയിലുള്ളവർക്കും ദരിദ്ര പശ്ചാത്തലത്തിൽ നിന്നുള്ളവർക്കും ക്രെഡിറ്റ് സ്കോർ ഇല്ലാതിരുന്നത് കാരണം ബാങ്ക് വായ്പകൾ ലഭിച്ചിരുന്നില്ല; ജൻ ധൻ ഇതിന് വഴിയൊരുക്കി.
- വായ്പാ സൗകര്യങ്ങൾ കൂടുതൽ ലഭ്യമായത് ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ജീവിതനിലവാരം ഉയർത്തി; കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ധനസഹായം കണ്ടെത്താൻ അവർക്ക് ഇപ്പോൾ സാധിക്കുന്നുണ്ട്.



> **സാമ്പത്തിക ഉൾച്ചേർക്കൽ വർദ്ധിപ്പിക്കുന്നതിനും കോടിക്കണക്കിന് ആളുകൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും യുവാക്കൾക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും, അന്തസ്സ് ഉറപ്പാക്കുന്നതിനും ജൻ ധൻ യോജന നിർണായക പങ്കുവഹിച്ചിട്ടുണ്ട്.**
>
> *പ്രധാനമന്ത്രി നരേന്ദ്ര മോദി*

സാധാരണക്കാരായ പൗരന്മാർക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുകയും ഉൾച്ചേർന്ന വികസനത്തിന്റെ ഒരു പുതിയ യുഗത്തിന് തുടക്കമിടുകയും ചെയ്തു എന്നതാണ് മൂന്നാമത്തെ സ്വാധീനം. ജൻ ധൻ അക്കൗണ്ടുകളിലൂടെയാണ് പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന, അടൽ പെൻഷൻ യോജന തുടങ്ങിയ സാമൂഹിക സുരക്ഷാ പദ്ധതികളുടെ ആനുകൂല്യങ്ങൾ ആളുകൾക്ക് ലഭ്യമായത്. പ്രധാൻ മന്ത്രി ജൻ ധൻ യോജന ആരംഭിച്ചപ്പോൾ, അത് എങ്ങനെ പ്രവർത്തിക്കുമെന്നോ എന്താണ് സംഭവിക്കുകയെന്നോ പലരും അത്ഭുതപ്പെട്ടിരുന്നു; എന്നാൽ കാലക്രമേണ, പാവപ്പെട്ടവർക്ക് പ്രയോജനകരമായ തുടർച്ചയായ പദ്ധതികൾ ഇതിലേക്ക് സംയോജിപ്പിക്കപ്പെട്ടു. ഇത് സാമൂഹിക-സാമ്പത്തിക ശാക്തീകരണത്തിന് അടിത്തറ പാകി -വികസനോന്മുഖമായ അടിത്തറ. രാജ്യത്തെ ചില ആളുകൾക്ക് ഗവണ്മെന്റിൽ നിന്ന് പെൻഷൻ ലഭിക്കുന്നുണ്ടെങ്കിലും, ഏകദേശം 35 ലക്ഷത്തോളം വരുന്ന ആളുകൾക്ക് മുൻപ് ലഭിച്ചിരുന്ന തുച്ഛമായ തുകയെക്കുറിച്ച് ചിന്തിക്കുക: ഏഴ് രൂപ, ഇരുപത് രൂപ, 125 രൂപ, അല്ലെങ്കിൽ 250 രൂപ.

# 3 സാമൂഹിക സുരക്ഷയും സമഗ്ര വികസനവും

സ്വാധീനം



1

**പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന, അടൽ പെൻഷൻ യോജന തുടങ്ങിയ സാമൂഹിക സുരക്ഷാ പദ്ധതികളുമായി ജൻ ധൻ അക്കൗണ്ടുകൾ ബന്ധിപ്പിച്ചു.**

പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമ യോജനയിൽ

**27.8**

കോടിയിലധികം പേർ ചേർന്നിട്ടുണ്ട്

- ഏതെങ്കിലും കാരണത്താൽ മരണം സംഭവിച്ചാൽ 2 ലക്ഷം രൂപയുടെ ജീവൻ രക്ഷാ ഇൻഷുറൻസ് പരിരക്ഷയ്ക്കുള്ള വ്യവസ്ഥ.
- പ്രതിവർഷ പ്രീമിയം ₹436; പ്രതിദിനം 1.20-ൽ താഴെ ചെലവിൽ ഇൻഷുറൻസ് ലഭ്യമാണ്.

പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജനയിൽ

**58.78**

കോടി എൻറോൾമെന്റുകൾ

- മരണമോ സ്ഥിരമായ പൂർണ്ണ വൈകല്യമോ സംഭവിക്കുന്ന സാഹചര്യത്തിൽ 2 ലക്ഷം രൂപയുടെയും, സ്ഥിരമായ ഭാഗിക വൈകല്യത്തിന് 1 ലക്ഷം രൂപയുടെയും ഒരു വർഷത്തെ വ്യക്തിഗത അപകട ഇൻഷുറൻസ് പരിരക്ഷ.
- പ്രതിവർഷ പ്രീമിയം 20 രൂപ (ഏകദേശം ഒരു കപ്പ് ചായയുടെ വില); 18 നും 70 നും ഇടയിൽ പ്രായമുള്ള വ്യക്തികൾക്ക് ഈ പദ്ധതി ലഭ്യമാണ്.

അടൽ പെൻഷൻ യോജനയിൽ

**9.29**

കോടി ആളുകൾ അംഗങ്ങളായി ചേർന്നു.

- പ്രതിമാസം 1,000 രൂപ മുതൽ 5,000 രൂപ വരെയുള്ള പെൻഷൻ ഉറപ്പുനൽകുന്ന, ഗവണ്മെന്റ് ഗ്യാരണ്ടിയുള്ള ആദ്യത്തെ പെൻഷൻ പദ്ധതിയാണിത്.
- പ്രായവും തിരഞ്ഞെടുത്ത പെൻഷൻ തുകയും അനുസരിച്ച്, 42 രൂപ മുതൽ 1,454 രൂപ വരെയാണ് നിലവിലെ പ്രതിമാസ വിഹിതം.

2

**മുദ്ര യോജനയ്ക്ക് കീഴിലുള്ള വായ്പാ സൗകര്യങ്ങൾ ചെറുകിട സംരംഭകർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും ഗ്രാമീണ ജനവിഭാഗങ്ങൾക്കും, സ്വയം തൊഴിലിനുള്ള മാർഗങ്ങൾ തുറന്നുനൽകി.**



**59+**

പ്രധാൻ മന്ത്രി മുദ്ര യോജനയ്ക്ക് കീഴിൽ 59 കോടിയിലധികം വായ്പകൾ അനുവദിച്ചു.

സംരംഭകർക്ക്

**40.76**

ലക്ഷം കോടി രൂപ വിതരണം ചെയ്തു.

3

**സമ്പാദ്യശീലം വളർത്തിയെടുക്കുന്നത് സാമ്പത്തിക അച്ചടക്കം വളർത്തുകയും ഭാവി ആസൂത്രണം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.**

മിനിമം ബാലൻസ് ആവശ്യമില്ലാതിരുന്നിട്ടും, 58.70 കോടി ജൻ ധൻ അക്കൗണ്ടുകളിലായി **ഏകദേശം 3.10 ലക്ഷം കോടി രൂപ** നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

4

**അസംഘടിത മേഖലയിലെ കോടിക്കണക്കിന് തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ആദ്യമായി ജീവൻ രക്ഷാ, അപകട ഇൻഷുറൻസ് പരിരക്ഷ ലഭിച്ചു.**

ഒന്നിലധികം സാമൂഹിക-സാമ്പത്തിക പദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന ഇ-ശ്രം പോർട്ടലിൽ അസംഘടിത മേഖലയിൽ നിന്നുള്ള

**31.65+**

കോടിയിലധികം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന, പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന, അടൽ പെൻഷൻ യോജന തുടങ്ങിയ സാമൂഹിക സുരക്ഷാ ഇൻഷുറൻസ് പദ്ധതികളിൽ ചേരുന്നതിന് പി.എം.ജെ.ഡി.വൈ. (PMJDY) അക്കൗണ്ട് ഉടമകളെ പ്രോത്സാഹിപ്പിക്കുകയും, വിഹിതം അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.



**ജൻ ധൻ യോജന സാമ്പത്തിക ഉൾച്ചേർക്കലും എണ്ണമറ്റ ഇന്ത്യക്കാരുടെ ശാക്തീകരണവും ഉറപ്പാക്കുകയും, അന്തസ്സുള്ള ജീവിതം നയിക്കാൻ പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്. സുതാര്യത വർദ്ധിപ്പിക്കാനും ഇത് സഹായിച്ചിട്ടുണ്ട്.**

*പ്രധാനമന്ത്രി നരേന്ദ്ര മോദി*



കൂടാതെ, പെൻഷൻ വാങ്ങാൻ മാത്രം മൈലുകൾ സഞ്ചരിക്കേണ്ടി വന്നിരുന്ന അവസ്ഥയിൽ നിന്ന് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി ഈ പ്രക്രിയ ഇപ്പോൾ ലളിതമായിട്ടുണ്ട്. ചരിത്രത്തിലാദ്യമായി, അസംഘടിത മേഖലയിലെ കോടിക്കണക്കിന് തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ജീവൻ രക്ഷാ, അപകട ഇൻഷുറൻസ് പരിരക്ഷ ലഭിച്ചു. മാത്രമല്ല, മുദ്ര യോജനയോ മറ്റ് പദ്ധതികളോ ആകട്ടെ, ഇത്തരം ബാങ്ക് അക്കൗണ്ടുകൾ സ്വയംതൊഴിലിനായുള്ള പുതിയ വഴികൾ തുറന്നുനൽകി. നാലാമത്തെ സ്വാധീനം രാജ്യത്തെ വനിതാ ജനസംഖ്യയുടെ - 'നാരി ശക്തിയുടെ - യഥാർത്ഥ ശാക്തീകരണമാണ്; ഇത് അവർക്ക് ആദ്യമായി സാമൂഹിക-സാമ്പത്തിക അന്തസ്സ് നൽകി. ഇന്ന് ജൻ ധൻ അക്കൗണ്ട് ഉടമകളിൽ 56 ശതമാനത്തിലധികവും വനിതകളാണ്. സ്വന്തം പേരിൽ ബാങ്ക് അക്കൗണ്ടുകൾ ഉള്ളത് വനിതകൾക്ക് സ്വയംപര്യാപ്തതയ്ക്കുള്ള അവസരങ്ങളും കുടുംബത്തിലെ സാമ്പത്തിക തീരുമാനങ്ങളിൽ പങ്കാളിത്തവും നൽകിയിട്ടുണ്ട്.

# 4 സ്വാധീനം
## സ്ത്രീ ശാക്തീകരണവും സാമൂഹിക അന്തസ്സും



1 ജൻ ധൻ അക്കൗണ്ടുകളിൽ ഏകദേശം 56 ശതമാനവും സ്ത്രീകളുടെ പേരിലാണ്; ഇത് വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തിലേക്കുള്ള നിർണ്ണായകമായ ചുവടുവെയ്പ്പാണ്.

2 സ്വന്തം പേരിൽ ബാങ്ക് അക്കൗണ്ട് ഉള്ളത് സ്ത്രീകൾക്ക് സ്വയംപര്യാപ്തതയും കുടുംബത്തിന്റെ സാമ്പത്തിക തീരുമാനങ്ങളിൽ പങ്കാളിത്തവും നേടാനുമുള്ള അവസരം നൽകുന്നു.

3 നേരിട്ടുള്ള ആനുകൂല്യ കൈമാറ്റ പദ്ധതികൾ സാമ്പത്തിക സഹായം നേരിട്ട് അക്കൗണ്ടുകളിലേക്ക് ലഭ്യമാക്കാൻ സ്ത്രീകളെ സഹായിച്ചിട്ടുണ്ട്; ഇത് അവരുടെ സാമൂഹിക അന്തസ്സ് ഉയർത്തുന്നതിന് വഴി തെളിച്ചു.

സ്ത്രീകൾക്കായി

**32.72**

കോടി ജൻ ധൻ അക്കൗണ്ടുകൾ തുറന്നിട്ടുണ്ട്. ഇത് സമ്പാദ്യം ബാങ്കിൽ സൂക്ഷിക്കാൻ അവരെ സഹായിക്കുന്നു.

പി എം ആവാസ് യോജന ഗ്രാമീൺ പദ്ധതിക്ക് കീഴിലുള്ള

**75%**

വീടുകളും സ്ത്രീകളുടെയോ സംയുക്ത ഉടമസ്ഥതയിലോ ആണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ, സാമ്പത്തിക സഹായമോ സബ്സിഡിയോ നേരിട്ട് അവരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കപ്പെടുന്നു എന്ന് ഉറപ്പാക്കിക്കൊണ്ട് വിവിധ പദ്ധതികളിൽ വനിതകൾക്ക് മുൻഗണന നൽകി വരുന്നു.



### വനിതാ ഗുണഭോക്താക്കൾ

**68%** പ്രധാൻമന്ത്രി മുദ്ര വായ്പാ യോജനയ്ക്ക് കീഴിൽ

**44%** പ്രധാൻമന്ത്രി സ്വനിധി യോജനയ്ക്ക് കീഴിൽ

ഗ്രാമീണ കുടുംബങ്ങളിൽ നിന്നുള്ള

**10**

കോടിയിലധികം സ്ത്രീകൾ സ്വയം സഹായ സംഘങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും അവർക്ക് ഗവൺമെന്റിന്റെ പിന്തുണ ലഭിക്കുകയും ചെയ്യുന്നു.

സുകന്യ സമൃദ്ധി യോജന അക്കൗണ്ടുകളിലേക്കും പണം നിക്ഷേപിക്കപ്പെടുന്നു.



> നമ്മുടെ പൗരന്മാരെ ശാക്തീകരിക്കുന്നതിനുള്ള പ്രയാണത്തിലെ ഒരു നാഴികക്കല്ലാണ് ജൻ ധൻ യോജന. ഈ പദ്ധതിയിലൂടെ, ദശലക്ഷക്കണക്കിന് ആളുകളെ നാം സാമ്പത്തിക മുഖ്യധാരയിലേക്ക് കൊണ്ടുവരികയും വളർന്നുവരുന്ന നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ഓരോ ഇന്ത്യക്കാരനും അർഹമായ സ്ഥാനം ഉറപ്പാക്കുകയും ചെയ്തു.
>
> *പ്രധാനമന്ത്രി നരേന്ദ്ര മോദി*

സമ്പാദ്യ ശീലത്തിനും ആ ചിന്താഗതിക്കും ഔദ്യോഗികമായൊരു ബാങ്കിംഗ് അടിത്തറ ലഭിച്ചിരിക്കുന്നു; ബാങ്കുകൾ വഴിയുള്ള സമ്പാദ്യം വേറിട്ടൊരു സുരക്ഷിതത്വബോധം വളർത്തിയെടുത്തു. കൂടാതെ, കോവിഡ്-19 മഹാമാരിയുടെ സമയത്ത് ജൻ ധൻ സംവിധാനം നിലവിലുണ്ടായിരുന്നതുകൊണ്ട് മാത്രമാണ് കേന്ദ്ര ഗവൺമെന്റിന് സാമ്പത്തിക സഹായം സ്ത്രീകളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് എത്തിക്കാൻ സാധിച്ചത്. ഈ അക്കൗണ്ടുകൾ ഇല്ലായിരുന്നെങ്കിൽ മഹാമാരിക്കാലത്ത് ഇത്തരം സഹായങ്ങൾ വിതരണം ചെയ്യുന്നത് എത്രത്തോളം പ്രയാസകരമാകുമായിരുന്നു എന്ന് എളുപ്പത്തിൽ ഊഹിക്കാവുന്നതേയുള്ളൂ. ചുരുക്കത്തിൽ, ദുരന്തങ്ങളുടെയോ പ്രതിസന്ധികളുടെയോ സമയത്ത് സഹായമെത്തിക്കുന്നതിനുള്ള പ്രധാന സംവിധാനമായി ജൻ ധൻ അക്കൗണ്ടുകൾ മാറി.

അഞ്ചാമത്തെയും പ്രധാനപ്പെട്ടതുമായ മറ്റൊരു പ്രതിഫലനം, ഏറ്റവും വിദൂര ഗ്രാമങ്ങളിലെ ജനങ്ങൾ പോലും സാങ്കേതികമായി ശാക്തീകരിക്കപ്പെട്ടു എന്നതാണ്. ഇത്തരം ബാങ്ക് അക്കൗണ്ടുകൾ ഡിജിറ്റൽ യു.പി.ഐ ഇടപാടുകളിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു. റൂപേ കാർഡുകളും മൊബൈൽ ബാങ്കിംഗും ഗ്രാമീണ മേഖലകളിൽ ഡിജിറ്റൽ സാക്ഷരത വർദ്ധിപ്പിച്ചു. ഇന്ത്യയുടെ യു.പി.ഐ ഇപ്പോൾ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു പ്ലാറ്റ്ഫോമായി ഉയർന്നുവന്നിരിക്കുന്നു.



**4**

**കോവിഡ്-19 മഹാമാരിയുടെ സമയത്ത് വനിതാ അക്കൗണ്ട് ഉടമകൾക്ക് തൽക്ഷണ അടിയന്തര സഹായ തുകകൾ നേരിട്ട് കൈമാറുന്നത് സാധ്യമായി.**

കോവിഡ്-19 കാലത്ത് പി.എം.ജെ.ഡി.വൈ (PMJDY) അക്കൗണ്ടുകളുള്ള 20.40 കോടി സ്ത്രീകൾക്ക് പ്രതിമാസം 500 രൂപ വീതം തുടർച്ചയായ മൂന്ന് ഗഡുക്കളായി

**30,600**

കോടി രൂപയുടെ സഹായം നൽകി.

കോവിഡ്-19 കാലത്ത് പ്രധാനമന്ത്രി ഉജ്ജ്വല യോജനയിലൂടെ ഏകദേശം 8 കോടി ഗുണഭോക്താക്കൾക്കായി

**14.17**

കോടിയിലധികം എൽ.പി.ജി സിലിണ്ടറുകൾ നൽകി. ഈ സിലിണ്ടറുകളുടെ സബ്സിഡിയായി 9,670 കോടി രൂപ നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറി.

**5**

**പ്രളയം, വരൾച്ച തുടങ്ങിയ മറ്റ് ദുരന്തങ്ങളുടെ സമയത്ത് അടിയന്തര പണ കൈമാറ്റത്തിനുള്ള സുസജ്ജമായ സംവിധാനമായും ഇത് മാറി.**



# 5 ഡിജിറ്റൽ ഇന്ത്യയും സാങ്കേതിക ശാക്തീകരണവും

സ്വാധീനം



**1**

**യു.പി.ഐ ഉൾപ്പെടെയുള്ള ഡിജിറ്റൽ പേയ്മെന്റ് വിപ്ലവത്തിന് അടിത്തറയിട്ടത് ജൻ ധൻ അക്കൗണ്ടുകളാണ്. ഇത് ഇന്ത്യയെ ലോകത്തിൽ ഏറ്റവും കൂടുതൽ ഡിജിറ്റൽ ഇടപാടുകൾ നടക്കുന്ന രാജ്യമായി മാറാൻ പ്രാപ്തമാക്കി.**



**55.49**

കോടി യുപിഐ ഉപയോക്താക്കൾ

2025–26 സാമ്പത്തിക വർഷത്തിൽ യു.പി.ഐ വഴി നടപ്പിലാക്കിയ ഇടപാടുകളുടെ മൂല്യം

**314**

ലക്ഷം കോടി രൂപയിലധികം.

**10**

രാജ്യങ്ങൾ- ഭൂട്ടാൻ, സിംഗപ്പൂർ, യുഎഇ, ഫ്രാൻസ്, മൗറീഷ്യസ്, ശ്രീലങ്ക, നേപ്പാൾ, ഖത്തർ, ഗ്രീസ്, കംബോഡിയ എന്നിവ യുപിഐ ഉപയോഗിക്കുന്നു.

**2**

**റൂപേ കാർഡുകളും മൊബൈൽ ബാങ്കിംഗും ഗ്രാമീണ, വിദൂര മേഖലകളിൽ പോലും ഡിജിറ്റൽ സാക്ഷരത വ്യാപിപ്പിക്കുന്നതിന് വഴിയൊരുക്കി.**

RuPay

**40.89**

**കോടി റൂപേ ഡെബിറ്റ് കാർഡുകൾ ജൻ ധൻ അക്കൗണ്ട് ഉടമകൾക്കായി വിതരണം ചെയ്തു.**

**6.39**

**കോടി ആളുകൾക്ക് പ്രധാൻ മന്ത്രി ഗ്രാമീൺ ഡിജിറ്റൽ സാക്ഷരതാ അഭിയാന് കീഴിൽ പരിശീലനം നൽകി.**



**3**

**ജൻ ധൻ ദർശക് ആപ്പ് അനുസരിച്ച്, ബാങ്കിംഗ് ഔട്ട്‌ലെറ്റുകൾ 5 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു.**

**21.6**

ലക്ഷത്തിലധികം ബാങ്കിംഗ് ലഭ്യതാ കേന്ദ്രങ്ങൾ രാജ്യത്തുടനീളം നിലവിലുണ്ട്.

**6**

ലക്ഷത്തിലധികം (അതായത് 99.92%) ഗ്രാമങ്ങളിൽ 5 കിലോമീറ്റർ ചുറ്റളവിൽ ബാങ്കിംഗ് സൗകര്യങ്ങൾ (ബാങ്ക് ശാഖ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ്സ് ബാങ്ക്, അല്ലെങ്കിൽ ബാങ്ക് മിത്ര) ലഭ്യമാണ്.



## ദേശീയവും ആഗോളവുമായ അംഗീകാരം

1

**ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉൾച്ചേർക്കൽ പദ്ധതിയായി ലോക ബാങ്കും ഗിന്നസ് വേൾഡ് റെക്കോർഡും ഇതിനെ അംഗീകരിച്ചിട്ടുണ്ട്.**

**18,0,96,130**

അക്കൗണ്ടുകൾ ജൻ ധൻ യോജന പ്രചാരണത്തിന്റെ ഭാഗമായി ഒരൊറ്റ ആഴ്ചയ്ക്കുള്ളിൽ (2014 ഓഗസ്റ്റ് 23-29) തുറക്കുകയുണ്ടായി; ഈ നേട്ടം ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിലും ഇടംനേടി.




2

**മറ്റ് വികസ്വര രാജ്യങ്ങൾക്ക് ഉൾച്ചേർക്കൽ സാമ്പത്തിക വ്യവസ്ഥയുടെ മാതൃകയായി ഈ പദ്ധതി ഉയർന്നുവന്നിട്ടുണ്ട്.**



"പ്രധാൻ മന്ത്രി ജൻ ധൻ യോജന വലിയൊരു മാറ്റത്തിന് വഴിവെച്ച പദ്ധതിയാണെന്ന് തെളിയിക്കപ്പെട്ടു. കോടിക്കണക്കിന് ആളുകൾക്ക് പ്രയോജനം ലഭിച്ച നിരവധി ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ അടിത്തറയായി ഇത് വർത്തിച്ചു. ഈ പദ്ധതി നിരവധി കുടുംബങ്ങളുടെ ഭാവി സുരക്ഷിതമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളിൽ വലിയൊരു പങ്ക് സ്ത്രീകളും ഗ്രാമീണ മേഖലകളിൽ താമസിക്കുന്നവരുമാണ്."

*പ്രധാനമന്ത്രി നരേന്ദ്ര മോദി*

ബഹുമുഖ സ്വാധീനത്തിന് ജൻ ധൻ യോജന നിർണായകമായ അടിത്തറ പാകി. ഇതിന്റെ ഫലമായി, ബാങ്ക് അക്കൗണ്ടുകളിലേക്കും സാമ്പത്തിക സേവനങ്ങളിലേക്കുമുള്ള പ്രാപ്യത വ്യാപിപ്പിച്ചതിന് അന്താരാഷ്ട്ര നാണയ നിധിയും (IMF) മറ്റ് ആഗോള സ്ഥാപനങ്ങളും പദ്ധതിയെ പ്രശംസിക്കുകയുണ്ടായി. ഗിന്നസ് വേൾഡ് റെക്കോർഡ്സിന്റെ പ്രത്യേക അംഗീകാരവും ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉൾച്ചേർക്കൽ ഉദ്യമത്തിന്റെ ആധാരശിലയായ ജൻ ധൻ യോജന, ഇന്ന് പല വികസ്വര രാജ്യങ്ങൾക്കും മാതൃകയായി നിലകൊള്ളുന്നു.

### ജീവനാഡിയായി മാറിയ ജനകീയ പ്രസ്ഥാനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള 12 വർഷത്തെ യാത്രയിൽ, ജൻ ധൻ യോജന കേവലമൊരു സാമ്പത്തിക പദ്ധതി എന്നതിലുപരി സാമൂഹിക നീതിയുടെയും സുതാര്യമായ ഭരണത്തിന്റെയും സമഗ്ര വികസനത്തിന്റെയും പ്രതീകമായി മാറിയിരിക്കുന്നു. വലിയൊരു വിഭാഗത്തിന് ബാങ്കിംഗ് സംവിധാനം അപ്രാപ്യമായിരുന്ന അവസ്ഥയിൽ നിന്ന്, എല്ലാവർക്കും ബാങ്കിംഗ് സൗകര്യമുള്ള ഒന്നായി ഇന്ത്യയെ മാറ്റിയെടുത്ത ഈ മുന്നേറ്റം, കോടിക്കണക്കിന് പൗരന്മാർക്ക് ആത്മാഭിമാനത്തിനും സുരക്ഷയ്ക്കും സ്വാശ്രയത്വത്തിനും വഴിയൊരുക്കി. ജൻ ധൻ യോജനയുടെ വിജയത്തിലും ബഹുമുഖ സ്വാധീനത്തിലും ഊന്നിയുള്ള, സദ്ഭരണത്തിൽ നിന്ന് സ്വയംപര്യാപ്തതയിലേക്കുള്ള ഈ യാത്ര 'നവഭാരതത്തിന്റെ' തത്വശാസ്ത്രമായി മാറിക്കൊണ്ട് 'വികസിത ഭാരത'ത്തിലേക്ക് വഴിതുറക്കുന്നുവെന്ന് നിസ്സംശയം പറയാം.



**14,700 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് ജീന്ദിൽ നിന്ന് തുടക്കം**

# റെയിൽ ഗതാഗതത്തിന്റെ ഭാവി ഹൈഡ്രജൻ ട്രെയിൻ

***പരിസ്ഥിതി സൗഹൃദ ഗതാഗത സംവിധാനങ്ങളിലേക്ക് വലിയ മുന്നേറ്റമാണ് ഇന്ത്യ ഇതിനകം നടത്തിയത്. 1,155 കിലോമീറ്റർ ദൈർഘ്യമുള്ള ലോകത്തെ മൂന്നാമത് വലിയ മെട്രോ ശൃംഖലയും 23,000 ഇലക്ട്രിക് ബസ് സർവീസുകൾക്ക് നൽകിയ അംഗീകാരവും വികസിച്ചുകൊണ്ടിരിക്കുന്ന ഗ്രീൻഫീൽഡ് എക്സ്പ്രസ് വേ ശൃംഖലയുമെല്ലാം ഹരിത അടിസ്ഥാന സൗകര്യങ്ങൾക്ക് വലിയ ഉത്തേജനം പകരുന്നു. ഈ സംരംഭത്തിന്റെ ഭാഗമായി ജൂലൈ 17 – ന് ഹരിയാനയിലെ ജീന്ദിനും സോണിപത്തിനും ഇടയിൽ ഇന്ത്യയുടെ ആദ്യ തദ്ദേശീയ ഹൈഡ്രജൻ ട്രെയിൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ് ഓഫ് ചെയ്തു. കേവലമൊരു ട്രെയിൻ എന്നതിലുപരി സ്വയംപര്യാപ്ത ഭാരതത്തിന്റെയും ഹരിതോർജ്ജത്തിന്റെയും ആധുനിക റെയിൽവേയുടെയും പുതിയ മുഖമുദ്രയുടെ പ്രതീകമാണത്.***

രാജ്യത്തെ റെയിലും റോഡുമടക്കം ഗതാഗത പദ്ധതികളെല്ലാം ജനങ്ങൾക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വികസനവേഗം ഇരട്ടിയാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഗതാഗതത്തിലും സമ്പർക്ക സൗകര്യങ്ങളിലും ഗവൺമെന്റ് നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഹരിയാനയിലെ ജീന്ദിൽ രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിനിന്റെ ഫ്ലാഗ് ഓഫും നിരവധി വികസന പദ്ധതികളുടെ ഉദ്ഘാടനവും നിർവഹിച്ച് സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി ഹൈഡ്രജൻ ട്രെയിൻ മറ്റ് ട്രെയിനുകളിൽ നിന്ന് തീർത്തും വ്യത്യസ്തമാണെന്ന് വ്യക്തമാക്കി. ഇതിന് പ്രത്യേക സംവിധാനവും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. ജീന്ദിൽ ഇതിനാശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. സമീപഭാവിയിൽ കൂടുതൽ ഹൈഡ്രജൻ ട്രെയിൻ അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കും. ഹൈഡ്രജൻ ട്രെയിൻ ശൃംഖലയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുതിയ ഫാക്ടറികൾ സ്ഥാപിക്കും. പദ്ധതി ഹരിയാനയിലെ യുവാക്കൾക്ക് നിരവധി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

> **“ ഇന്ത്യയുടെ ഹൈഡ്രജൻ ട്രെയിൻ പുകയില്ലാത്തതാണെന്ന് മാത്രമല്ല, 'മെയ്ക്ക് ഇൻ ഇന്ത്യ'യുടെ തിളക്കമാർന്ന ഉദാഹരണം കൂടിയാണ്. ഈ ഹൈഡ്രജൻ ട്രെയിൻ രൂപകല്പന ചെയ്തത് ഇന്ത്യൻ എൻജിനീയർമാരും നിർമ്മിച്ചത് ഒരു ഇന്ത്യൻ കമ്പനിയുമാണ്.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## ഏറ്റവും കരുത്തുറ്റ ഹൈഡ്രജൻ ട്രെയിൻ



# 3,200

**ഹോഴ്സ് പവർ- ലോകത്തെ ഏറ്റവും നീളമേറിയതും കരുത്തുറ്റതുമായ ഹൈഡ്രജൻ ട്രെയിനാണിത്.**

- ആഗോളതലത്തിൽ ഏകദേശം 7-8 വർഷങ്ങൾക്ക് മുൻപ് മാത്രമാണ് ഹൈഡ്രജൻ ട്രെയിനുകൾ നിർമിച്ച് തുടങ്ങിയത്. നിലവിൽ ലോകത്തെ മൂന്നോ നാലോ രാജ്യങ്ങൾക്ക് മാത്രമാണ് ഹൈഡ്രജൻ ട്രെയിനുകൾ പ്രവർത്തിപ്പിക്കാൻ ശേഷിയുള്ളത്.

### ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ റെയിൽവേയുടെ നിർവചനം

ആവി എൻജിനുകളായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിലെ റെയിൽവേയെ നിർവചിച്ചത്. ഇരുപതാം നൂറ്റാണ്ടിനെ ഡീസൽ, ഇലക്ട്രിക് ട്രെയിനുകൾ നിർവചിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ റെയിൽവേയെ നിർവചിക്കുന്നത് ഹൈഡ്രജൻ അധിഷ്ഠിത ട്രെയിനുകളാണ്.

### റെയിൽ ശൃംഖലയുടെ വൈദ്യുതീകരണം

1925-നും 2014-നും ഇടയിൽ - അതായത് ഏകദേശം 90 വർഷക്കാലയളവിൽ - രാജ്യത്തെ റെയിൽവേ ശൃംഖലയുടെ 30% മാത്രമാണ് വൈദ്യുതീകരിച്ചത്. എന്നാൽ കഴിഞ്ഞ 12 വർഷത്തിനിടെ രാജ്യത്തെ റെയിൽ ശൃംഖലയുടെ ഏകദേശം 99 ശതമാനവും വൈദ്യുതീകരണം പൂർത്തിയാക്കി.

### ജീന്ദിനെ അഞ്ച് ദേശീയപാതകളുമായി ബന്ധിപ്പിച്ചു

അഞ്ച് ദേശീയപാതകളുമായി ബന്ധിപ്പിക്കപ്പെട്ട ജില്ലയായി ജീന്ദ് മാറി. ഇത്തരം ഗതാഗത - സമ്പർക്ക സൗകര്യങ്ങൾ പ്രാദേശിക കർഷകർക്കും ക്ഷീരകർഷകർക്കും അവരുടെ ഉല്പന്നങ്ങൾ പ്രധാന വിപണികളിലെത്തിക്കുന്നത് കൂടുതൽ സുഗമവും ചെലവ് കുറഞ്ഞതുമാക്കുന്നു. വ്യവസായങ്ങളെയും വിനോദസഞ്ചാരത്തെയും പ്രോത്സാഹിപ്പിക്കുന്ന ഇത്തരം നടപടികൾ വൻതോതിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

### പ്രധാനമന്ത്രി മോദി ഹരിയാനയ്ക്ക് സമ്മാനിച്ച വികസന പദ്ധതികൾ

- ജീന്ദിനും സോണിപത്തിനും ഇടയിൽ സർവീസ് നടത്തുന്ന രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്തു.
- ഹരിയാനയിൽ 12,470 കോടിയിലേറെ രൂപയുടെ ദേശീയപാതാ പദ്ധതികൾക്ക് തറക്കല്ലിട്ടു.
- ഏകദേശം 9,680 കോടി രൂപ ചെലവിൽ 157.92 കിലോമീറ്റർ ദൈർഘ്യത്തിൽ വികസിപ്പിച്ച ഡൽഹി-അമൃതസർ-കത്ര പൂർണ പ്രവേശന നിയന്ത്രിത നാലുവരി എക്സ്പ്രസ്-വേ രാഷ്ട്രത്തിന് സമർപ്പിച്ചു.
- ദേശീയപാത 7, ദേശീയപാത 344 എന്നിവയിലായി 33.81 കിലോമീറ്റർ നീളത്തിൽ നിർമ്മിച്ച അംബാല-കാലാ അംബ് ഭാഗിക പ്രവേശന നിയന്ത്രിത നാലുവരിപ്പാത ഉദ്ഘാടനം ചെയ്തു.
- ദേശീയപാത 352A-യിൽ 40.60 കിലോമീറ്റർ നീളത്തിൽ നിർമിച്ച ജീന്ദ്-ഗോഹാന ഗ്രീൻഫീൽഡ് ഹൈവേ ഉദ്ഘാടനം ചെയ്തു.
- ഹാൻസി-ബർവാല ബ്രൗൺഫീൽഡ് ഹൈവേ പദ്ധതിക്ക് തറക്കല്ലിടുകയും കുരുക്ഷേത്രയിലെ റെയിൽവേ ഉയരപ്പാത ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- പണ്ഡിറ്റ് നേകി റാം ശർമ ഗവൺമെന്റ് മെഡിക്കൽ കോളേജ് (ഭിവാനി), മഹർഷി ച്യവൻ മെഡിക്കൽ കോളേജ് & റാവു തുലാ റാം ആശുപത്രി (കോറിയാവാസ്, നാർനൗൾ) എന്നിവയുൾപ്പെടെ പ്രധാന മെഡിക്കൽ സ്ഥാപനങ്ങൾ രാഷ്ട്രത്തിന് സമർപ്പിച്ചു.
- കുരുക്ഷേത്രയിൽ സിഖ് മ്യൂസിയത്തിന് തറക്കല്ലിട്ട് പ്രദേശത്തിന്റെ സാംസ്കാരിക അടിത്തറ കൂടുതൽ സമ്പന്നമാക്കി.

വരുംതലമുറകൾക്ക് ആധുനിക ഹരിത ഗതാഗതത്തിന്റെ പ്രതീകമായി ജീന്ദും ഹൈഡ്രജൻ ട്രെയിനും ചരിത്രത്താളുകളിൽ രേഖപ്പെടുത്തപ്പെടുമെന്ന് മുംബൈയ്ക്കും താനെയ്ക്കും ഇടയിലെ ചരിത്രപരമായ ആദ്യ ട്രെയിൻ യാത്രയെ ഹൈഡ്രജൻ ട്രെയിനുമായി താരതമ്യപ്പെടുത്തി പ്രധാനമന്ത്രി മോദി പറഞ്ഞു. നിരവധി ഹൈവേകളാൽ ബന്ധിപ്പിക്കപ്പെടുന്ന ജീന്ദിൽ ഈ വേദിയിൽ തന്നെ മൂന്ന് സുപ്രധാന പദ്ധതികൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. ഡൽഹി-അമൃതസർ-കത്ര എക്സ്പ്രസ് വേയുടെ ഹരിയാന ഭാഗം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ജീന്ദ്-ഗോഹാന ദേശീയപാത രാഷ്ട്രത്തിന് സമർപ്പിച്ചു. കൂടാതെ അംബാല-കാലാ അംബ് നാലുവരിപ്പാത ഹരിയാനയിലെയും ഹിമാചലിലെയും ജനങ്ങൾക്ക് വലിയ സൗകര്യമൊരുക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.




### സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ആരോഗ്യ സംരക്ഷണം

# വികസിത ഭാരതത്തിന് കരുത്തുറ്റ അടിത്തറ

***ചണ്ഡീഗഢ് കേവലമൊരു നഗരം മാത്രമല്ല, ഇന്ത്യയുടെ വികസന മാതൃക കൂടിയാണ്. ഈ വളർച്ചയ്ക്ക് പുതിയ വേഗം പകരാൻ നടത്തുന്ന ശ്രമങ്ങളുടെ തുടർച്ചയായി ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകൾ ഉൾപ്പെടെ 4,700 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് ജൂലൈ 17-ന് ചണ്ഡീഗഢിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി തറക്കല്ലിടുകയും രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. കൂടാതെ പഞ്ചാബിലെ ജലന്ധറിലേക്കും വികസന സംരംഭങ്ങൾ അദ്ദേഹം വ്യാപിപ്പിച്ചു...***

വിദ്യാഭ്യാസം, എൻജിനീയറിങ്, മെഡിക്കൽ സയൻസ്, ഗവേഷണം എന്നിവയുമായി ബന്ധപ്പെട്ട പ്രധാന സ്ഥാപനങ്ങൾ ഒരുമിച്ച് സ്ഥിതിചെയ്യുന്ന നഗരമാണ് ചണ്ഡീഗഢ്. അപൂർവം നഗരങ്ങൾ മാത്രമാണ് ഇത്തരം ശേഷി കൈവരിക്കുന്നത്. ഭാവിയിൽ പുതിയ സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, സ്റ്റാർട്ടപ്പുകൾ, നൂതനാശയങ്ങൾ എന്നിവയുടെ പ്രധാന കേന്ദ്രങ്ങളായി ഈ സ്ഥാപനങ്ങൾക്ക് ഉയർന്നുവരാനാകും. ചണ്ഡീഗഢിൽ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്ത് ജനങ്ങളെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി 'വികസിത ഭാരതത്തിലേക്ക്' നാം നടത്തുന്ന യാത്രയ്ക്ക് ആധുനിക ചിന്താഗതിയോടെ ഭാവി സാങ്കേതികവിദ്യകളും ഗതാഗതവും ആരോഗ്യ സേവനങ്ങളും മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ടെന്ന് പറഞ്ഞു. ഇന്നത്തെ തലമുറയ്ക്ക് മാത്രമല്ല, വരുംതലമുറകൾക്കും പ്രയോജനപ്പെടുന്ന തീരുമാനങ്ങൾ കൈക്കൊള്ളണം. കാലക്രമേണ കൂടുതൽ കരുത്തുറ്റതായി മാറുന്ന സ്ഥാപനങ്ങളാണ് നാം കെട്ടിപ്പടുക്കേണ്ടതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

> **രോഗചികിത്സയ്ക്കൊപ്പം രോഗപ്രതിരോധ ആരോഗ്യ പരിരക്ഷയിലും നാം ഇന്ന് ഒരുപോലെ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. പോഷൺ അഭിയാൻ, മിഷൻ ഇന്ദ്രധനുഷ്, യോഗ, എച്ച്.പി.വി വാക്സിനേഷൻ, യു-വിൻ പ്ലാറ്റ്ഫോം തുടങ്ങി നിരവധി സുപ്രധാന സംരംഭങ്ങൾ ദശലക്ഷക്കണക്കിന് പേരുടെ ജീവൻ രക്ഷിക്കുന്നു.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## ദിനംപ്രതി കീഴടക്കുന്നത് വിജയത്തിന്റെ പുതിയ ഉയരങ്ങൾ

- 2014 മുതൽ രാജ്യത്ത് 15 പുതിയ എയിംസുകൾക്ക് അംഗീകാരം നൽകി.
- ഇന്ന് രാജ്യത്ത് ഏകദേശം 1.75 ലക്ഷം ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ പ്രവർത്തിക്കുന്നു.
- രാജ്യത്തെ 90 ശതമാനത്തിലധികം പ്രസവങ്ങളും ആരോഗ്യ കേന്ദ്രങ്ങളിലാണ് നടക്കുന്നത്.



മാതൃമരണ നിരക്ക് കുറഞ്ഞു **86%**

- രാജ്യത്ത് 48 കോടിയിലേറെ ടെലിമെഡിസിൻ കൺസൾട്ടേഷനുകൾ പൂർത്തിയായി.
- രാജ്യത്തെ ക്ഷയരോഗ ചികിത്സ 90% കടന്നു.
- ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് പ്രകാരം 10 വർഷത്തിനിടെ ക്ഷയരോഗ ബാധയിൽ 21 ശതമാനം കുറവുണ്ടായി.

## ചണ്ഡീഗഢിന് വികസന സമ്മാനങ്ങൾ

- ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, റോഡ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട 4,700 കോടിയിലധികം രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും.
- ചണ്ഡീഗഢിലെ PGIMER-ൽ അത്യാധുനിക മാതൃശിശു കേന്ദ്രം, അത്യാധുനിക ന്യൂറോസയൻസ് കേന്ദ്രം എന്നിവയുടെ ഉദ്ഘാടനം.
- PM-ABHIM-ന് കീഴിൽ PGIMER-ൽ 150 കിടക്കകളോടുകൂടിയ അത്യാധുനിക തീവ്ര പരിചരണ ബ്ലോക്കിന് തറക്കല്ലിട്ടു.
- ചണ്ഡീഗഢിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ അടിസ്ഥാന സൗകര്യ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും.
- ദേശീയപാത 205A-യിൽ അംബാല-ചണ്ഡീഗഢ് ഗ്രീൻഫീൽഡ് ഹൈവേയുടെ 'PR-7 ലിങ്ക് റോഡ്' പദ്ധതിക്ക് തറക്കല്ലിട്ടു.

## ജലന്ധറിന് വികസന സമ്മാനങ്ങൾ

**5,470**

**കോടിയിലധികം രൂപ** ചെലവഴിക്കുന്ന റെയിൽ, റോഡ് അടിസ്ഥാന സൗകര്യ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും

- അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ ജലന്ധർ കന്റോൺമെന്റ് ഉൾപ്പെടെ പുനർവികസിപ്പിച്ച 75 റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനം.
- കർതോലി-അംബാല ട്രെയിൻ സർവീസും അമൃത്സർ (ഛെഹാർട്ട)-വാരാണസി ട്രെയിൻ സർവീസും ഫ്ലാഗ് ഓഫ് ചെയ്തു.



നംഗൽ ഡാം-തൽവാര-മുകേരിയൻ പുതിയ റെയിൽ ലൈൻ പദ്ധതിക്ക് കീഴിൽ ഏകദേശം

**830**

കോടി രൂപ ചെലവിൽ നിർമിച്ച ദൗലത് പൂർ ചൗക്ക്-കർതോലി റെയിൽ പാതയുടെ ഉദ്ഘാടനം.

- പഞ്ചാബിലെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താൻ 3,070 കോടിയിലധികം രൂപയുടെ ദേശീയപാത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും.
- ഡൽഹി-അമൃതസർ-കത്ര പുതിയ നാലുവരി എക്സ്പ്രസ് വേയുടെ 30.9 കിലോമീറ്റർ 'പാക്കേജ്-6' ഉദ്ഘാടനം ചെയ്തു.
- 25.2 കിലോമീറ്റർ ആറുവരിപ്പാതയായ ഗ്രീൻഫീൽഡ് സതേൺ ലുധിയാന ബൈപാസിന്റെ വികസനത്തിന് തറക്കല്ലിട്ടു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ചണ്ഡീഗഢിലേക്ക് ആധുനിക സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതിന് സ്മാർട്ട് ട്രാഫിക് സംവിധാനങ്ങൾ, സ്മാർട്ട് പാർക്കിങ്, ഡിജിറ്റൽ ഭരണനിർവഹണം തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2,500 കോടിയിലധികം രൂപയാണ് ഈ ദൗത്യത്തിനായി ചെലവഴിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പുതിയ വികസന പ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കുന്നതായി ചടങ്ങിൽ പ്രധാനമന്ത്രി മോദി വ്യക്തമാക്കി.

# വികസിത ഗ്രാമങ്ങൾ

## വികസിത ഭാരതത്തിന് കരുത്തുറ്റ അടിത്തറ

***വികസിത ഭാരതത്തിന്റെ ആധാരശിലയാണ് വികസിത ഗ്രാമങ്ങൾ. വികസിത ഭാരതം കെട്ടിപ്പടുക്കാൻ രാജ്യം നടത്തുന്ന പ്രയാണം സുപ്രധാന ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ഇതിൽ യുവജനങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. 'വികസിത് വൈബ്രന്റ് വില്ലേജ്' പരിപാടിയിൽ പങ്കെടുത്തവരുമായി ജൂലൈ 26 – ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. രാജ്യത്തെ യുവത താഴെത്തട്ടിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെടുമ്പോൾ അത് വികസിത ഭാരതമെന്ന കാഴ്ചപ്പാടിന് കൂടുതൽ വ്യാപ്തി നൽകുന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.***

ഏതാനും വർഷങ്ങൾക്ക് മുൻപാണ് 'മേരാ യുവ ഭാരത്' (മൈ ഭാരത്) പ്ലാറ്റ്ഫോം രൂപീകരിച്ചത്. രാജ്യത്തുടനീളം ദശലക്ഷക്കണക്കിന് യുവജനങ്ങൾ ഇതിൽ പങ്കുചേർന്നിട്ടുണ്ട്. ഇന്ന് 'മൈ ഭാരത്' സന്നദ്ധപ്രവർത്തകർ രാജ്യവ്യാപകമായി പ്രശംസനീയ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. 'വികസിത ഭാരത് സംവാദ'ത്തിൽ തുടങ്ങി 'വികസിത് വൈബ്രന്റ് വില്ലേജ്' പരിപാടി വരെ വിവിധ സംരംഭങ്ങളിൽ രാജ്യത്തെ യുവത അവരുടെ കഴിവുതെളിയിച്ചു. ഇന്ത്യയുടെ അതിർത്തി ഗ്രാമങ്ങളെക്കുറിച്ച് യുവത എത്രത്തോളം അറിയുന്നുവോ അത്രത്തോളം എളുപ്പത്തിൽ അവർക്ക് രാജ്യത്തെ മനസ്സിലാക്കാനാവുമെന്ന് വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുത്തവരുമായി സംവദിക്കവെ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയുടെ ഓരോ മുക്കും മൂലയുമായി എളുപ്പത്തിൽ ബന്ധപ്പെടുന്ന അവരുടെ പരിശ്രമം രാജ്യത്തിന് പുതിയ കരുത്തേകുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

**വികസിത ഭാരതത്തിന് പിന്നിലെ ഊർജവും അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളുമാണ് ഇന്നത്തെ യുവസമൂഹം. അതിനാൽ രാജ്യത്തിന്റെ വെല്ലുവിളികളുമായും പരിഹാരങ്ങളുമായും യുവശക്തി നേരിട്ട് ബന്ധപ്പെടുമ്പോൾ തീർച്ചയായും ഭാവി ശോഭനമായിരിക്കും.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*





വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുത്തവരുമായി പ്രധാനമന്ത്രി മോദിയുടെ വെർച്വൽ സംവാദം

**5,000+**

'മൈ ഭാരത്' സന്നദ്ധ പ്രവർത്തകർ രാജ്യത്തെ 245 ജില്ലകളിൽ നിന്നായി ചടങ്ങിൽ വെർച്വലായി പങ്കെടുത്തു.

**2.30+**

കോടി യുവജനങ്ങൾക്ക് 'മൈ ഭാരത്' സംരംഭങ്ങളിൽ നിന്ന് നേട്ടമുണ്ടായി; കൂടാതെ 2.86 ലക്ഷം യുവജനങ്ങൾ രാജ്യവ്യാപകമായി നടന്ന പ്രശ്നോത്തരി മത്സരത്തിൽ പങ്കെടുത്തു.

**403**

സന്നദ്ധപ്രവർത്തകരെ അതിർത്തി ഗ്രാമങ്ങൾ സന്ദർശിക്കാൻ തിരഞ്ഞെടുത്തു.

### രാജ്യത്തിന്റെ പ്രഥമ ഗ്രാമങ്ങൾ: ഇന്ത്യയുടെ അതിർത്തി ഗ്രാമങ്ങൾ

ഇന്ത്യയുടെ അതിർത്തി ഗ്രാമങ്ങളെ രാജ്യത്തിന്റെ 'പ്രഥമ ഗ്രാമങ്ങളാ'യി അംഗീകരിക്കാനും വികസിത ഭാരത യാത്രയിൽ ഈ ഗ്രാമങ്ങളെ സജീവ പങ്കാളികളാക്കാനും പ്രധാനമന്ത്രി മുന്നോട്ടുവെച്ച കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാനാണ് 'മൈ ഭാരത്' വഴി നടപ്പാക്കുന്ന 'വികസിത് വൈബ്രന്റ് വില്ലേജ് പരിപാടി' രൂപകല്പന ചെയ്തിരിക്കുന്നത്.

## സംഘടിപ്പിച്ചത് രണ്ട് ഘട്ടങ്ങളിൽ

2026 ജൂൺ 4 മുതൽ 30 വരെ രണ്ട് ഘട്ടങ്ങളായാണ് വികസിത് വൈബ്രന്റ് വില്ലേജ് പരിപാടി സംഘടിപ്പിച്ചത്. ലഡാക്ക്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ 74 'വൈബ്രന്റ് വില്ലേജുകൾ' ഇതിൽ ഉൾപ്പെടുത്തി. മൂന്ന് ലക്ഷത്തിലധികം യുവജനങ്ങൾ പങ്കെടുത്ത രാജ്യവ്യാപക ഓൺലൈൻ പ്രശ്നോത്തരി മത്സരത്തിലൂടെയാണ് ഓരോ സംസ്ഥാനത്തെയും കേന്ദ്രഭരണ പ്രദേശത്തെയും പ്രതിനിധീകരിച്ച് 400-ലേറെ യുവ പങ്കാളികളെ തിരഞ്ഞെടുത്തത്.

## പരിപാടിക്ക് കീഴിൽ വിവിധ പ്രവർത്തനങ്ങൾ

വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുത്തവർ പ്രാദേശിക സമൂഹങ്ങൾക്കൊപ്പം താമസിച്ച് ശുചിത്വ കാമ്പെയ്നുകൾ, ഗവൺമെന്റ് പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ, യുവജന സംഗമങ്ങൾ, സാംസ്കാരിക കൈമാറ്റ പരിപാടികൾ, വൃക്ഷത്തൈ നടീൽ ദൗത്യങ്ങൾ, 'മിനി പഞ്ചായത്ത്' മാതൃകാ ആവിഷ്കാരങ്ങൾ, പ്രാദേശിക കരകൗശല വിദഗ്ധരുമായി ആശയവിനിമയം, തന്ത്രപ്രധാന സ്ഥാപനങ്ങളിലെ സന്ദർശനം തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അതിർത്തി പ്രദേശങ്ങളിലെ സാമൂഹ്യ-സാമ്പത്തിക അന്തരീക്ഷം, സാംസ്കാരിക പൈതൃകം, വികസന പ്രതീക്ഷകൾ എന്നിവ നേരിട്ട് അനുഭവിച്ചറിയാൻ പങ്കെടുത്തവർക്ക് അവസരം ലഭിച്ചു. ജനകീയ പങ്കാളിത്തം, ദേശീയ ഐക്യം, അതിർത്തി ഗ്രാമങ്ങളുടെ തന്ത്രപരമായ പ്രാധാന്യം എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ധാരണ വളർത്താനും ഇത് വഴിയൊരുക്കി.

അതിർത്തി മേഖലകളിൽ വിനോദസഞ്ചാരവും അഭിവൃദ്ധി പ്രാപിക്കുന്നുണ്ട്. വിജനമായിരുന്ന ഗ്രാമങ്ങൾ വീണ്ടും വിവിധ പ്രവർത്തനങ്ങളാൽ സജീവമായിക്കൊണ്ടിരിക്കുന്നു. പെൺകുട്ടികൾ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നു. ഗുണനിലവാരമേറിയ വിദ്യാഭ്യാസത്തിനും മികച്ച വരുമാനത്തിനും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നുണ്ട്. വികസിത് വൈബ്രന്റ് വില്ലേജ് പരിപാടി അതിർത്തി ഗ്രാമങ്ങളിലെ ഈ വികസനം ത്വരിതപ്പെടുത്തുന്നു. 21-ാം നൂറ്റാണ്ടിലെ ലോകത്തെ രൂപപ്പെടുത്താൻ നിയോഗിക്കപ്പെട്ടവരാണ് ഇന്ത്യയിലെ യുവതയെന്ന ഉറച്ച വിശ്വാസം ചടങ്ങിൽ പ്രധാനമന്ത്രി മോദി ആവർത്തിച്ചു; ഇതാണ് അവരുടെ യഥാർത്ഥ ദൗത്യം.

ദേശീയ ബഹിരാകാശ ദിനം ഓഗസ്റ്റ് 23

## ഇന്ത്യയുടെ ആദ്യ സ്വകാര്യ ഓർബിറ്റൽ വിക്ഷേപണ വാഹനം:

# 'വിക്രം-1'ന്റെ വിജയകരമായ വിക്ഷേപണം

*കോടിക്കണക്കിന് ഇന്ത്യക്കാരുടെ കഴിവും പ്രതിഭയും മുൻനിർത്തി, ആഗോള ബഹിരാകാശ രംഗത്ത് ശക്തമായ ഒരു സ്വന്തം ഇടം കെട്ടിപ്പടുക്കാൻ ഇന്ത്യയ്ക്ക് സാധിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ബഹിരാകാശ മേഖലയിൽ കൊണ്ടുവന്ന നിർണ്ണായകമായ മാറ്റങ്ങളാണ് ഇതിന് പ്രധാന കാരണം. ഗവൺമെന്റിന്റെ പുരോഗമനപരമായ നയങ്ങൾക്ക് അഭിനന്ദനങ്ങൾ; ഇതിലൂടെ ഇന്നത്തെ യുവതലമുറയ്ക്കും സ്വകാര്യ കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും അനേകം വലിയ അവസരങ്ങളാണ് തുറന്നുകിട്ടുന്നത്. ഇന്ത്യയുടെ ആദ്യ സ്വകാര്യ റോക്കറ്റായ 'വിക്രം –1'–ന്റെ വിജയകരമായ വിക്ഷേപണം ഇതിനൊരു മികച്ച ഉദാഹരണമാണ്. ആഗോള ബഹിരാകാശ സാമ്പത്തിക രംഗത്ത് ഇന്ത്യ ഒരു പ്രധാന പങ്കാളിയായി വേഗത്തിൽ ഉയർന്നുവരുന്നു എന്നതിന്റെ തെളിവാണിത്.*

'വിക്രം-1' ഒരു ഒറ്റപ്പെട്ട ദൗത്യത്തിന്റെ വിജയമായല്ല പ്രതിഫലിക്കപ്പെടുന്നത്; മറിച്ച്, ഇന്ത്യൻ നൂതനാശയങ്ങൾ , ധീരമായ നയ പരിഷ്കാരങ്ങൾ, ശക്തമായ പൊതു-സ്വകാര്യ പങ്കാളിത്തം എന്നിവ അടയാളപ്പെടുത്തുന്ന ഒരു പുതിയ യുഗത്തിന്റെ തുടക്കം കൂടിയാണിത്. അന്താരാഷ്ട്ര ബഹിരാകാശ മേഖലയിൽ വിശ്വസ്തവും സാങ്കേതികമായി ഏറെ മുന്നിട്ടുനിൽക്കുന്നതുമായ ഒരു പങ്കാളി എന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ഈ ദൗത്യം കൂടുതൽ ഉറപ്പിക്കുന്നു എന്ന് ബഹിരാകാശ വകുപ്പ് സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് വ്യക്തമാക്കി.




*വിക്രം –1 വിക്ഷേപണം പൂർണ്ണമായി കാണുന്നതിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക*

**ദേശീയ ബഹിരാകാശ ദിനം ഇന്ത്യയിലെ യുവജനങ്ങൾക്ക് ആവേശത്തിന്റെയും പ്രചോദനത്തിന്റെയും നിമിഷമായും, രാജ്യത്തിന് വലിയ അഭിമാനത്തിന്റെ ഉറവിടമായും മാറിയിരിക്കുന്നു.**



### ഭാവിയിലെ വാണിജ്യ ഓർബിറ്റൽ വിക്ഷേപണ സേവനങ്ങൾക്കായുള്ള ശക്തമായ അടിത്തറ

രാജ്യത്ത് സ്വകാര്യ മേഖലയിൽ വികസിപ്പിച്ചെടുത്ത ആദ്യത്തെ ഓർബിറ്റൽ വിക്ഷേപണ വാഹനമാണ് വിക്രം-1. ഭൂമിയുടെ താഴ്ന്ന ഭ്രമണപഥത്തിലേക്ക് (Low Earth Orbit - LEO) 350 കിലോഗ്രാം വരെയുള്ള ഉപഗ്രഹങ്ങളെ/പേലോഡുകളെ എത്തിക്കാൻ ഇതിന് ശേഷിയുണ്ട്.

ഏകദേശം 22 മീറ്റർ ഉയരമുള്ള ഈ വിക്ഷേപണ വാഹനം, തദ്ദേശീയമായി വികസിപ്പിച്ചെടുത്ത നിരവധി സാങ്കേതിക നേട്ടങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണ കാർബൺ-കോമ്പോസിറ്റ് ഓർബിറ്റൽ റോക്കറ്റ്, ഓർബിറ്റൽ അഡ്ജസ്റ്റ്മെന്റ് മോഡ്യൂളിന് കരുത്തുപകരുന്ന 100% 3D-പ്രിന്റഡ് ലിക്വിഡ് എഞ്ചിൻ, അത്യാധുനിക അൾട്രാ-ലോ-ഷോക്ക് ന്യൂമാറ്റിക് സെപ്പറേഷൻ സിസ്റ്റം, രാജ്യത്തെ ഏറ്റവും നീളമേറിയ മോണോലിത്തിക് കാർബൺ-കോമ്പോസിറ്റ് റോക്കറ്റ് സ്റ്റേജുകളിലൊന്ന് എന്നിവ ഇതിന്റെ പ്രത്യേകതകളാണ്.

ഈ വിജയകരമായ ദൗത്യം റോക്കറ്റിന്റെ ത്വരണ വ്യവസ്ഥ,ഏവിയോണിക്സ്, ടെലിമെട്രി, നാവിഗേഷൻ, ഫ്ലൈറ്റ് കൺട്രോൾ സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം കൃത്യമായി സാക്ഷ്യപ്പെടുത്തി. ഇതിലൂടെ ഇന്ത്യയിലെ ഭാവി വാണിജ്യ ഓർബിറ്റൽ വിക്ഷേപണ സേവനങ്ങൾക്കായി ഒരു ശക്തമായ അടിത്തറ പാകാൻ സാധിച്ചു.





### ബഹിരാകാശ മേഖലയിലെ നിർണ്ണായക പരിവർത്തനം:

2020-ൽ നടപ്പിലാക്കിയ ചരിത്രപരമായ പരിഷ്കാരങ്ങൾക്ക് ശേഷം ഇന്ത്യയുടെ ബഹിരാകാശ മേഖല വൻ പരിവർത്തനങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. ഏതാനും വർഷങ്ങൾക്കു മുൻപ് വരെ സ്വകാര്യ വിക്ഷേപണ സംവിധാനങ്ങൾ ഒന്നുംതന്നെ ഇല്ലാതിരുന്ന സ്ഥാനത്ത്, ഇന്ന് 400-ലധികം ബഹിരാകാശ സ്റ്റാർട്ടപ്പുകൾ ഇന്ത്യയിലുണ്ട്. 'വിക്രം-1' റോക്കറ്റിന് പിന്നിൽ പ്രവർത്തിച്ച 'സ്കൈറൂട്ട്' രാജ്യത്തെ ആദ്യത്തെ ബഹിരാകാശ യൂണികോൺ കമ്പനിയാണ്.



**9** ഇന്ത്യൻ ബഹിരാകാശ സാമ്പത്തിക രംഗം നിലവിൽ ശതകോടി ഡോളർ എന്ന നാഴികക്കല്ല് കൈവരിക്കാൻ ഒരുങ്ങുകയാണ്

**44+** അടുത്ത ദശകത്തിൽ കൈവരിക്കാൻ ലക്ഷ്യമിടുന്നത് ശതകോടി ഡോളറാണ്.

**നയപരമായ പരിഷ്കാരങ്ങൾക്ക് നൂതനപ്രക്രിയകളെ എത്രത്തോളം വേഗത്തിലാക്കാൻ കഴിയും എന്നതിന്റെ കൃത്യമായ തെളിവാണ് 'വിക്രം-1'ന്റെ വിജയം.**



"വിക്രം-1-ന്റെ വിജയകരമായ വിക്ഷേപണത്തിന് ആശംസകൾ. ഇന്ത്യയുടെ ബഹിരാകാശ യാത്രയിലെ നിർണ്ണായകവും ചരിത്രപരവുമായ ഒരു നിമിഷമാണിത്. നമ്മുടെ സ്വകാര്യ മേഖലയുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തം പുതിയ സാധ്യതകൾ തുറക്കുകയും നൂതനാശയങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുന്നു. ഭയരഹിതമായി നൂതനാശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും വലിയ സ്വപ്നങ്ങൾ കാണാനും ഈ നേട്ടം എണ്ണമറ്റ യുവാക്കളെ പ്രചോദിപ്പിക്കും.

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



## രാജ്യത്തിന്റെ സമഗ്ര വികസനത്തിലെ പങ്കാളികൾ...

# കായികരംഗത്തിന്റെ കരുത്ത്

***ഇന്ത്യയിൽ ഓഗസ്റ്റ് മാസം കായിക ആഘോഷങ്ങളുടെ മാസമായി മാറിയിരിക്കുകയാണ്. ഓഗസ്റ്റ് 29-ന് രാജ്യം ദേശീയ കായിക ദിനം ആചരിക്കുമ്പോൾ, അത് 'ഫിറ്റ് ഇന്ത്യ' പ്രചാരണത്തിന്റെ ഏഴാം വാർഷികത്തിന് കൂടിയാണ് സാക്ഷ്യം വഹിക്കുന്നത്. ഫിറ്റ് ഇന്ത്യ ക്യാമ്പയിൻ രാജ്യത്തുടനീളം ആരോഗ്യത്തെക്കുറിച്ചും കായികക്ഷമതയെക്കുറിച്ചുമുള്ള ബോധവൽക്കരണവും സജീവ പങ്കാളിത്തവും വളർത്തിയെടുത്തിട്ടുണ്ട്. ഇതുകൊണ്ടാണ് രാജ്യത്തിന്റെ സമഗ്ര വികസനത്തിന് കായികശക്തിയെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, 2025-ലെ ദേശീയ കായിക നയത്തിന്റെ അഞ്ച് പ്രധാന സ്തംഭങ്ങൾ അടിസ്ഥാനമാക്കി കേന്ദ്ര ഗവൺമെന്റ് കായിക മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നത്.***

വിഖ്യാത ഹോക്കി താരം മേജർ ധ്യാൻ ചന്ദിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് എല്ലാ വർഷവും ഓഗസ്റ്റ് 29-നാണ് ഇന്ത്യ ദേശീയ കായിക ദിനമായി ആഘോഷിക്കുന്നത്. 2036-ഓടെ ലോകത്തിലെ ആദ്യ 10 കായിക ശക്തികളിലൊന്നായും, 2047-ഓടെ ആദ്യ 5 രാജ്യങ്ങളിലൊന്നായും വളരുക ലക്ഷ്യമിട്ട് രാജ്യം കായികതാരങ്ങളെ വാർത്തെടുക്കുമ്പോഴും, പൗരന്മാരുടെ കായികക്ഷമത പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രധാന മുൻഗണനയായി തുടരുന്നു.2019-ലാണ് 'ഫിറ്റ് ഇന്ത്യ പ്രസ്ഥാനം' ആരംഭിച്ചത്. അന്നുമുതൽ അത് രാജ്യത്തുടനീളം വ്യാപിച്ച ഒരു വലിയ ഫിറ്റ്നസ് വിപ്ലവമായി വളർന്നു. 2025-ൽ ഫിറ്റ് ഇന്ത്യ പരിപാടിക്ക് കീഴിൽ നടന്ന കായിക-ഫിറ്റ്നസ് ആഘോഷങ്ങളിൽ 350 ദശലക്ഷത്തിലധികം പേരാണ് പങ്കെടുത്തത്.

2025 ജൂലൈ 10-നാണ് കേന്ദ്ര ഗവൺമെന്റ് 'ഖേലോ ഭാരത് നയം-2025' പ്രാബല്യത്തിൽ കൊണ്ടുവന്നത്. 2001-ലെ ദേശീയ കായിക നയത്തിന് പകരമായാണ് ഈ പുതിയ നയം അവതരിപ്പിച്ചത്. ഇന്ത്യയെ ഒരു ആഗോള കായിക വൻശക്തിയാക്കി മാറ്റാനും 2036-ലെ ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര കായിക മാമാങ്കങ്ങളിൽ ഉന്നത വിജയം ഉറപ്പാക്കാനും ലക്ഷ്യമിട്ട്, ഈ നയത്തിന് കീഴിലുള്ള ദീർഘവീക്ഷണത്തോടെയുള്ള അഞ്ച് തത്ത്വങ്ങളിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ നയം കൂടുതൽ ആരോഗ്യപൂർണ്ണവും സജീവവും ശാക്തീകരിക്കപ്പെട്ടതുമായ ഒരു ജനതയെ സൃഷ്ടിക്കും.



## സ്തംഭം -1

## ആഗോള വേദിയിലെ മികവ്

*ഈ സ്തംഭത്തിന് കീഴിൽ, ഖേലോ ഇന്ത്യ ദേശീയ കായിക വികസന പരിപാടി, ദേശീയ കായിക ഫെഡറേഷനുകൾക്കുള്ള സഹായം, ദേശീയ കായിക വികസന ഫണ്ട്, നാഷണൽ സെന്റർ ഓഫ് സ്പോർട്സ് സയൻസസ് ആൻഡ് റിസർച്ചിന്റെ സ്ഥാപനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.*

**28,234**

കായികതാരങ്ങൾ രാജ്യത്തുടനീളമുള്ള 1,066 അംഗീകൃത ഖേലോ ഇന്ത്യ കേന്ദ്രങ്ങൾ വഴി പ്രാഥമിക തലത്തിൽ പരിശീലനം നേടുന്നു.

**12,000**

കായികതാരങ്ങളെ 23 ദേശീയ മികവിന്റെ കേന്ദ്രങ്ങളും 50-ലധികം ഉന്നത പ്രകടന പരിശീലന കേന്ദ്രങ്ങളും പിന്തുണയ്ക്കുന്നു.

**35**

ഖേലോ ഇന്ത്യ സംസ്ഥാന മികവ് കേന്ദ്രങ്ങൾ, 34 സംസ്ഥാനങ്ങളിലായി 2,466 അത്‌ലറ്റുകൾക്ക് ഉയർന്ന പ്രകടന പിന്തുണ നൽകുന്നു.

**6.28**

ലക്ഷം രൂപ വാർഷിക ധനസഹായം പരിശീലനത്തിനുള്ള സമഗ്ര പിന്തുണയുടെ ഭാഗമായി ഓരോ ഖേലോ ഇന്ത്യ അത്‌ലറ്റിനും നൽകുന്നു.

ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ നാഷണൽ സെന്റർ ഓഫ് സ്പോർട്സ് സയൻസസ് ആൻഡ് റിസർച്ച് സ്ഥാപിച്ചിട്ടുണ്ട്.



## സ്തംഭം- 2

## കായിക മേഖല സാമ്പത്തിക വികസനത്തിന്

*2025 ലെ ദേശീയ കായിക നയം സ്പോർട്സിന്റെ സാമ്പത്തിക സാധ്യതകൾക്ക് ഊന്നൽ നൽകുന്നു. ഇന്ത്യയിൽ പ്രധാന അന്താരാഷ്ട്ര കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾക്കൊപ്പം, സ്പോർട്സ് നിർമ്മാണ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും സ്വകാര്യ മേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.*

**322**

ഖേലോ ഇന്ത്യ അംഗീകൃത അക്കാദമികൾക്ക് (സ്വകാര്യ കേന്ദ്രങ്ങൾ ഉൾപ്പെടെ) ഉന്നതതല പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനായി അംഗീകാരം  നൽകിയിട്ടുണ്ട്.

**2030 ലെ യൂത്ത് ഒളിമ്പിക് ഗെയിംസിനും 2036 ലെ ഒളിമ്പിക് ഗെയിംസിനും ആതിഥേയത്വം വഹിക്കാൻ ഇന്ത്യ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ത്യ ഇതുവരെ ഒളിമ്പിക്സിന് ആതിഥേയത്വം വഹിച്ചിട്ടില്ല.**

2025-ൽ ന്യൂഡൽഹിയിൽ പ്രഥമ ഖോഖോ ലോകകപ്പിന് ഇന്ത്യ ആതിഥേയത്വം വഹിച്ചു, പുരുഷ, വനിതാ വിഭാഗങ്ങളിൽ കിരീടങ്ങൾ നേടി.

2025-ൽ ഇന്ത്യ 12-ാമത് ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ആതിഥേയത്വം വഹിച്ചു. 6 സ്വർണ്ണമുൾപ്പെടെ 22 മെഡലുകൾ നേടി എക്കാലത്തെയും മികച്ച പ്രകടനം കാഴ്ചവച്ചു.

- ഭാവിയിൽ ഒളിമ്പിക്, പാരാലിമ്പിക് ഗെയിംസുകൾക്ക് ആതിഥേയത്വം വഹിക്കാനുള്ള ആഗ്രഹം മനസ്സിൽ വെച്ചുകൊണ്ട്, ഓസ്ട്രേലിയയുമായി ഒരു സ്പോർട്സ് സഹകരണ കർമ്മ പദ്ധതിയുമായി ഇന്ത്യ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- 2026-27 ബജറ്റിൽ 500 കോടി രൂപയുടെ സ്പോർട്സ് ഉപകരണ നിർമ്മാണ സംരംഭം അവതരിപ്പിച്ചു. ഇത് സ്പോർട്സിനെ തൊഴിൽ, നൈപുണ്യ വികസനം, സാമ്പത്തിക വളർച്ച എന്നിവയുടെ നിർണായക ചാലകമായി സ്ഥാപിക്കുന്നു.



## സ്തംഭം-3

### കായിക മേഖല സാമൂഹ്യ വികസനത്തിന്

*സ്ത്രീകൾ, ഗോത്ര സമൂഹങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും, തദ്ദേശീയവും പരമ്പരാഗതവുമായ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, കായിക മേഖലയെ ഒരു പ്രായോഗിക തൊഴിൽ മാർഗമായി സ്ഥാപിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റ് പ്രവർത്തിക്കുന്നു.*



**2,600+**

അസ്മിത ലീഗുകൾ (വനിതാ ലീഗുകൾ) ഖേലോ ഇന്ത്യയുടെ കീഴിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ 34 കായിക ഇനങ്ങളിലായി 3 ലക്ഷത്തിലധികം വനിതാ അത്‌ലറ്റുകൾ പങ്കെടുക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ, യോഗാസന, ഖോ-ഖോ, കബഡി എന്നീ മൂന്ന് തദ്ദേശീയ കായിക വിനോദങ്ങൾ ദേശീയ തലത്തിലുള്ള കായിക മത്സരങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മല്ലഖാംബ്, താങ്-ട, കളരിപയറ്റ്, ഗട്ക, യോഗാസന എന്നിവ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെയും ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസിന്റെയും വിവിധ പതിപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര ബജറ്റ് **2026-27**-ൽ പ്രഖ്യാപിച്ച ഖേലോ ഇന്ത്യ ദൗത്യം, രാജ്യത്തെ കായിക ആവാസവ്യവസ്ഥയിൽ ഒരു വലിയ പരിവർത്തനം കൊണ്ടുവരും.

## സ്തംഭം-4

### ഒരു ബഹുജന പ്രസ്ഥാനമെന്ന നിലയിൽ കായിക മേഖല

*രാജ്യവ്യാപകമായ പ്രചാരണങ്ങളിലൂടെയും സാമൂഹ്യ അധിഷ്ഠിത പരിപാടികളിലൂടെയും സ്പോർട്സിൽ പൊതുജന പങ്കാളിത്തവും ഫിറ്റ്നസ് സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സമീപ വർഷങ്ങളിൽ ശക്തമാക്കിയിട്ടുണ്ട്. എല്ലാവർക്കും സ്പോർട്സ് സൗകര്യങ്ങളിലേക്കുള്ള പ്രാപ്യത സജീവമായി പ്രോത്സാഹിപ്പിക്കപ്പെടുന്നു.*

- ലോക്സഭാ നിയോജകമണ്ഡല തലത്തിൽ സൻസദ് ഖേൽ മഹോത്സവങ്ങൾ സംഘടിപ്പിക്കുന്നു.
- 'ഫിറ്റ് ഇന്ത്യ' പരിപാടിക്ക് കീഴിൽ 4.40 ലക്ഷത്തിലധികം സ്കൂളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- 'സൺഡേസ് ഓൺ സൈക്കിൾ', 'ഫിറ്റ് ഇന്ത്യ സ്വച്ഛത ഫ്രീഡം റൺ', 'ഫിറ്റ് ഇന്ത്യ കാർണിവൽ' തുടങ്ങിയ പരിപാടികൾ ഫിറ്റ് ഇന്ത്യ പ്രചാരണ പരിപാടിയുടെ കീഴിൽ വർഷം മുഴുവനും സംഘടിപ്പിക്കുന്നു.
- കായികക്ഷമത മാനദണ്ഡങ്ങൾ നിരീക്ഷിക്കുന്ന ഫിറ്റ് ഇന്ത്യ മൊബൈൽ ആപ്പ് 1.3 ദശലക്ഷത്തിലധികം ഡൗൺലോഡുകൾ രേഖപ്പെടുത്തി.




## സ്തംഭം-5

### വിദ്യാഭ്യാസവുമായി സംയോജനം (എൻഇപി 2020)

*കുട്ടിക്കാലം മുതലുള്ള ശാരീരിക സാക്ഷരതയ്ക്ക് ദേശീയ കായിക നയം ഊന്നൽ നൽകുന്നു. ഇത് ആജീവനാന്ത കായികക്ഷമതയും ആരോഗ്യ ക്ഷേമവും വളർത്തിയെടുക്കുന്നതിന് സ്പോർട്സിനെ ഒരു അവിഭാജ്യ വിഷയമായി കണക്കാക്കുന്ന ദേശീയ വിദ്യാഭ്യാസ നയം (എൻഇപി) 2020 -മായി പൊരുത്തപ്പെടുന്നു.*

- എൻഇപി 2020 പ്രകാരം, കായിക, ശാരീരിക വിദ്യാഭ്യാസം വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അവിഭാജ്യ ഘടകമാക്കിയിട്ടുണ്ട്. കായികരംഗത്തും അക്കാദമിക മേഖലയിലും മികവ് പുലർത്താൻ വിദ്യാർത്ഥികൾക്ക് ഇപ്പോൾ അവസരങ്ങൾ ലഭിക്കും.
- അക്കാദമിക് തലത്തിൽ അത്‌ലറ്റുകൾക്കും വിദ്യാർത്ഥികൾക്കുമായി പ്രത്യേക കോഴ്സ് വർക്ക് വികസിപ്പിച്ചെടുക്കുന്നു.
- ആദ്യമായി, ഐഐടികൾ പോലുള്ള അഭിമാനകരമായ സ്ഥാപനങ്ങളിൽ ഒരു സ്പോർട്സ് ക്വാട്ട സംവിധാനം അവതരിപ്പിച്ചു.





## ദേശീയ കായിക നയം നടപ്പിലാക്കുന്നതിനുള്ള ചട്ടക്കൂട്

*ആഗോളതലത്തിൽ ബഹുമാനിക്കപ്പെടുന്ന, കായികതാരങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു ഭരണ ചട്ടക്കൂട് സ്ഥാപിക്കുന്നതിനുള്ള പ്രക്രിയ കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചു. 2025 ലെ ദേശീയ കായിക ഭരണ നിയമത്തിന്റെ വിജ്ഞാപനത്തെത്തുടർന്ന്, സുതാര്യത ഉറപ്പാക്കുന്ന അധിക ഭരണ പരിഷ്കാരങ്ങളും നിയമങ്ങളും വിജ്ഞാപനം ചെയ്തിട്ടുണ്ട്.*

കായിക വികസനത്തിനായി ഫെഡറേഷനുകളുടെ പിന്തുണ പ്രയോജനപ്പെടുത്തുന്നതിനും സാമ്പത്തിക സഹായം ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള 'ഒരു കായിക മേഖല -ഒരു കോർപ്പറേറ്റ്' നയം പ്രഖ്യാപിച്ചു.

ഒളിമ്പിക്, സ്പോർട്സ് പ്രസ്ഥാനങ്ങളിൽ അന്തർലീനമായിരിക്കുന്ന സദ്ഭരണം, ധാർമ്മികത, നീതിപൂർവകമായ കളി എന്നിവയുടെ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള നിയമപരമായ സമഗ്ര ചട്ടക്കൂടിലൂടെ ദേശീയ സ്പോർട്സ് ഫെഡറേഷനുകൾക്കുള്ളിൽ ഉത്തരവാദിത്വം, സുതാര്യത, സദ്ഭരണം എന്നിവ ഉറപ്പാക്കുകയാണ് ഈ സ്പോർട്സ് നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും ലക്ഷ്യം.

ദേശീയ താൽപ്പര്യങ്ങൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് സംസ്ഥാന കായിക നയങ്ങൾ രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു മാതൃകാ കായിക നയം സംസ്ഥാനങ്ങൾക്കായി നിലവിലുണ്ട്.



2026 ലെ ജപ്പാൻ ഓപ്പൺ കിരീടം നേടി ഇന്ത്യൻ ബാഡ്മിന്റൺ താരം പിവി സിന്ധു ചരിത്രം കുറിച്ചു. ഈ കിരീടം നേടുന്ന ആദ്യ ഇന്ത്യൻ കളിക്കാരിയാണ് സിന്ധു.

## രാജ്യത്തിന്റെ അഭിമാനം ഉയർത്തിയ ഇന്ത്യൻ കായിക താരങ്ങൾ

- ഐസിസി അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോകകപ്പ് കിരീടം 2026 ൽ ഇന്ത്യ ആറാം തവണയും നേടി.
- 2025 ലെ ഖോ-ഖോ ലോകകപ്പിൽ പുരുഷ, വനിതാ വിഭാഗങ്ങളിൽ ഇന്ത്യ സ്വർണ്ണ മെഡലുകൾ നേടി.
- 2025 ലെ സെപക് തക്രോ ലോകകപ്പിൽ ഇന്ത്യൻ സംഘം 7 മെഡലുകൾ നേടി.
- ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ആദ്യമായി ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പ് 2025 നേടി.
- ഐസിസി അണ്ടർ-19 വനിതാ ടി20 ലോകകപ്പ് 2025 നേടി.
- കാഴ്ച വൈകല്യമുള്ളവരുടെ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം 2025 ൽ കാഴ്ച പരിമിതർക്കായുള്ള പ്രഥമ വനിതാ ടി20 ലോകകപ്പ് നേടി, പരമ്പരയിലുടനീളം തോൽവിയറിയാതെ മുന്നേറി.

**ഇന്ത്യൻ ബാഡ്മിന്റണിന് ചരിത്ര നേട്ടം! 2026 ജപ്പാൻ ഓപ്പൺ നേടിയ പി.വി. സിന്ധുവിന് അഭിനന്ദനങ്ങൾ. ടൂർണമെന്റിലുടനീളം അവരുടെ ദൃഢനിശ്ചയവും അസാധാരണമായ കഴിവും പ്രകടമായിരുന്നു. ഈ കിരീടം നേടുന്ന ആദ്യ ഇന്ത്യൻ കായികതാരം എന്ന നിലയിൽ ഈ നേട്ടം കൂടുതൽ സവിശേഷമാണ്. രാജ്യത്തുടനീളമുള്ള എണ്ണമറ്റ യുവതാരങ്ങൾക്ക് ഈ കായികരംഗം തിരഞ്ഞെടുക്കാനും മികവ് പുലർത്താനും ഇത് പ്രചോദനമേകും.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



**കോമൺവെൽത്ത് ഗെയിംസിൽ രാജ്യത്തിന്റെ യശസ്സുയർത്തി ഇന്ത്യൻ അത്‌ലറ്റുകൾ**

# ഇന്ത്യ മൊത്തം നേടിയത്

## 13 സ്വർണ്ണമുൾപ്പെടെ 39 മെഡലുകൾ

**മെഡൽ നേട്ടം**



സ്വർണ്ണം **13**



വെള്ളി **17**



വെങ്കലം **9**

ആകെ **39**

*സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ നടന്ന 2026 ലെ കോമൺവെൽത്ത് ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യ 13 സ്വർണ്ണവും 17 വെള്ളിയും ഉൾപ്പെടെ ആകെ 39 മെഡലുകൾ നേടി. മികച്ച പ്രകടനത്തിലൂടെ, മെഡൽ പട്ടികയിൽ നാലാം സ്ഥാനവും ഇന്ത്യ സ്വന്തമാക്കി. ഇന്ത്യൻ അത്‌ലറ്റുകളുടെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു. കോമൺവെൽത്ത് ഗെയിംസിന്റെ ശതാബ്ദി പതിപ്പിന് 2030 ൽ ആതിഥേയത്വം വഹിക്കാൻ സമർപ്പണ ബുദ്ധിയോടെയും ദൃഢനിശ്ചയത്തോടെയും ഇന്ത്യ മുന്നേറുകയാണ്...*

| സ്ഥാനം | രാജ്യം | സ്വർണ്ണം | വെള്ളി | വെങ്കലം | ആകെ മെഡലുകൾ |
|---|---|---|---|---|---|
| 1. | ഓസ്ട്രേലിയ | 70 | 45 | 56 | 171 |
| 2. | ഇംഗ്ലണ്ട് | 29 | 45 | 36 | 110 |
| 3. | കാനഡ | 19 | 20 | 23 | 62 |
| 4. | ഇന്ത്യ | 13 | 17 | 9 | 39 |
| 5. | സ്കോട്ട്ലൻഡ് | 13 | 09 | 17 | 39 |





## 2026 ലെ കോമൺവെൽത്ത് ഗെയിംസിന് പ്രൗഢ ഗംഭീരമായ സമാപനം

സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ നടന്ന 2026 ലെ കോമൺവെൽത്ത് ഗെയിംസിന്റെ പ്രൗഢഗംഭീരമായ സമാപന ചടങ്ങ് ഇന്ത്യയുടെ സാംസ്കാരിക പൈതൃകവും 2030 ലെ ഗെയിംസിന് അഹമ്മദാബാദിൽ ആതിഥേയത്വം വഹിക്കാനുള്ള പ്രതിബദ്ധതയും ഉയർത്തിക്കാട്ടി. ഇന്ത്യയുടെ ഊർജ്ജസ്വലമായ സാംസ്കാരിക പ്രകടനങ്ങൾ കാണികൾക്ക് വിരുന്നായി മാറി. ഒപ്പം കോമൺവെൽത്ത് ഗെയിംസിന്റെ അടുത്ത പതിപ്പിന് ആതിഥേയത്വം വഹിക്കുന്ന അഹമ്മദാബാദ് നഗരത്തിന്റെ ഒരുക്കങ്ങൾക്ക് ഔപചാരികമായ തുടക്കവും കുറിക്കപ്പെട്ടു.

'വന്ദേമാതരം', 'ശിവ സ്തോത്രം', 'സുനോ ഗൗർ സേ ദുനിയാ വാലോ' അടക്കമുള്ള അതിമനോഹര ഗാനങ്ങൾ സ്റ്റേഡിയത്തിൽ മുഴങ്ങിയപ്പോൾ, ഇന്ത്യൻ ആരാധകർ ഉച്ചത്തിൽ ആർപ്പുവിളിക്കുകയും ത്രിവർണ്ണ പതാക അഭിമാനത്തോടെ വീശുകയും ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ കാണികൾ ഇന്ത്യൻ സംഗീതവും സാംസ്കാരിക പ്രദർശനവും ആസ്വദിച്ചു. അടുത്ത കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാനുള്ള ഉത്തരവാദിത്വം ഗ്ലാസ്ഗോ അഹമ്മദാബാദിന് ഔദ്യോഗികമായി കൈമാറിയ വൈകാരികവും പ്രതീകാത്മകവുമായ നിമിഷം ചടങ്ങിന് മാറ്റ് കൂട്ടി.

ചടങ്ങിൽ, കോമൺവെൽത്ത് ഗെയിംസ് പതാക ഗുജറാത്ത് ഉപമുഖ്യമന്ത്രി ഹർഷ് സംഘവിക്ക് ഔപചാരികമായി കൈമാറി. ഇതോടെ, 2030 കോമൺവെൽത്ത് ഗെയിംസിന്റെ ആതിഥേയത്വ ഉത്തരവാദിത്തം അഹമ്മദാബാദ് ഔദ്യോഗികമായി ഏറ്റെടുത്തു. ഗെയിംസ് ആരംഭിച്ചതിന്റെ 100 വർഷം ആഘോഷിക്കുന്ന 2030 ലെ ഗെയിംസിന് ചരിത്രത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. ഓസ്ട്രേലിയയ്ക്ക് ശേഷം രണ്ട് തവണ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കുന്ന രണ്ടാമത്തെ രാജ്യമായി ഇന്ത്യ മാറും.

*അടുത്ത കോമൺവെൽത്ത് ഗെയിംസ് 2030 ൽ ഇന്ത്യയിലെ അഹമ്മദാബാദിൽ നടക്കും.*

## ബോക്സിംഗിൽ മികച്ച പ്രകടനവുമായി ഇന്ത്യ

7 സ്വർണ്ണവും 3 വെള്ളിയും ഉൾപ്പെടെ ആകെ 10 മെഡലുകൾ ഇന്ത്യൻ ബോക്സർമാർ നേടി. കോമൺവെൽത്ത് ഗെയിംസിന്റെ ചരിത്രത്തിലെ ഇന്ത്യയുടെ ഏറ്റവും വിജയകരമായ ബോക്സിംഗ് പ്രകടനമാണിത്. ഭാരോദ്വഹനം, ജൂഡോ, ബോക്സിംഗ് എന്നിവയിൽ മികവ് പുലർത്തിയ ഇന്ത്യ പാരാ-സ്പോർട്സ് ഇനങ്ങളിലും മികച്ച പ്രകടനം കാഴ്ചവച്ചു.

## മെഡലുകൾ നേടുന്നു, രാജ്യത്തിന് മഹത്വമേറുന്നു

2026-ൽ ഗ്ലാസ്ഗോയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ പരിമിതമായ കായിക ഇനങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ, ഇന്ത്യ സാധാരണയായി ഒട്ടേറെ മെഡലുകൾ നേടുന്ന നിരവധി ഇനങ്ങൾ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും, ഇന്ത്യൻ ടീം 39 മെഡലുകൾ നേടി അസാധാരണമായ മുന്നേറ്റം കാഴ്ചവച്ചു. 2022-ലെ ബർമിംഗ്ഹാം കോമൺവെൽത്ത് ഗെയിംസിൽ സമാന കായിക ഇനങ്ങളിൽ ഇന്ത്യ നേടിയ 30 മെഡലുകളേക്കാൾ കൂടുതലാണ് ഇത്തവണത്തെ നേട്ടം. രാജ്യത്തിന്റെ ആഗോള സാന്നിധ്യവും ഇന്ത്യയുടെ വളരുന്ന കായിക കരുത്തും ഇന്ന് വ്യക്തമാണ്. കായിക വിനോദങ്ങൾക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പിന്തുണ, ദീർഘദർശനം, കായികതാരങ്ങൾക്ക് നൽകി വരുന്ന നിരന്തര പ്രോത്സാഹനം, സഹായങ്ങൾ എന്നിവയാണ് ഈ മുന്നേറ്റത്തിനുള്ള പ്രധാന കാരണങ്ങൾ.

**ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ നമ്മുടെ കായികതാരങ്ങളുടെ പ്രകടനത്തിൽ ഞാൻ അഭിമാനിക്കുന്നു. 13 സ്വർണ്ണമുൾപ്പെടെ 39 മെഡലുകൾ ഇന്ത്യ നേടിയത് ഏറെ സന്തോഷകരമാണ്. ഗെയിംസിലുടനീളം, പ്രതിഭാധനരായ നമ്മുടെ അത്‌ലറ്റുകൾ അസാധാരണമായ കഴിവ്, ദൃഢനിശ്ചയം, സമർപ്പണം എന്നിവ പ്രകടമാക്കി. അവരുടെ കഠിനാധ്വാനം നമ്മുടെ യുവാക്കളെ തുടർന്നും പ്രചോദിപ്പിക്കും. ഭാവിയിലെ ഉദ്യമങ്ങളിൽ വിജയം നേടാൻ ഇന്ത്യൻ താരങ്ങൾക്ക് ഹൃദയംഗമമായ ആശംസകൾ നേരുന്നു. –** *നരേന്ദ്ര മോദി, പ്രധാനമന്ത്രി*






2024 ലെ 72–ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു

# 'ആർട്ടിക്കിൾ 370'

## മികച്ച ചലച്ചിത്ര പുരസ്ക്കാരം നേടി

*2024 ലെ 72–ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ ജൂലൈ 18 ന് പ്രഖ്യാപിച്ചു. ഫീച്ചർ ഫിലിം വിഭാഗത്തിൽ മികച്ച ചിത്രത്തിനുള്ള പുരസ്ക്കാരം 'ആർട്ടിക്കിൾ 370' നേടി. മികച്ച നോൺ–ഫീച്ചർ ചിത്രത്തിനുള്ള അവാർഡ് 'ഭംഗർ' കരസ്ഥമാക്കി. മികച്ച ഡോക്യുമെന്ററി ചിത്രത്തിനുള്ള അവാർഡ് 'റാം–നാമി' സ്വന്തമാക്കി...*

2024 ലെ 72–ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങളിൽ, ചന്തു ചാമ്പ്യൻ, ഭ്രമയുഗം എന്നീ ചിത്രങ്ങളിലെ ശ്രദ്ധേയമായ പ്രകടനങ്ങൾക്ക് യഥാക്രമം കാർത്തിക് ആര്യനും മമ്മൂട്ടിയും മികച്ച നടനുള്ള (നായക വേഷം) പുരസ്ക്കാരം പങ്കിട്ടു. ആർട്ടിക്കിൾ 370 ലെ പ്രകടനത്തിന് യാമി ഗൗതം മികച്ച നടിക്കുള്ള (നായക വേഷം) പുരസ്ക്കാരം നേടി. സ്വാതന്ത്ര്യ വീർ സവർക്കറിലൂടെ മികച്ച പുതുമുഖ സംവിധായകനുള്ള പുരസ്കാരം രൺദീപ് ഹൂഡയ്ക്ക് ലഭിച്ചു. കൽക്കി 2898 എഡി, അമരൻ, പുഷ്പ: ദി റൂൾ – പാർട്ട് 2, ഭൂൽ ഭുലയ്യ 3, സ്ത്രീ 2 തുടങ്ങിയ ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങളും ഇന്ത്യൻ സിനിമയുടെ വൈവിധ്യവും അസാധാരണ നിലവാരവും പ്രതിഫലിപ്പിക്കുന്ന പുരസ്ക്കാരങ്ങൾ സ്വന്തമാക്കി.

72–ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാര വിജയികളെ ഫീച്ചർ ഫിലിം ജൂറി ചെയർമാൻ ജയരാജ്, നോൺ–ഫീച്ചർ ഫിലിം ജൂറി ചെയർമാൻ അസിം സിൻഹ, മികച്ച സിനിമാ രചനയ്ക്കുള്ള ജൂറി ചെയർമാൻ എ. ചന്ദ്രശേഖർ എന്നിവർ ചേർന്നാണ് പ്രഖ്യാപിച്ചത്. ഇന്ത്യൻ സിനിമയിലെ അഭിമാനകരവും ഉന്നതവുമായ ബഹുമതികളായി ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ കണക്കാക്കപ്പെടുന്നു. ഇന്ത്യാ ഗവണ്മെന്റിന്റെ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം വർഷം തോറും നൽകി വരുന്ന ഈ പുരസ്ക്കാരങ്ങൾ ഇന്ത്യൻ സിനിമയുടെ വൈവിധ്യം, കലാമൂല്യം, സാമൂഹിക പ്രസക്തി എന്നിവ ആഘോഷിക്കുന്നു.

### മികച്ച നടിക്കുള്ള പുരസ്കാരം യാമി ഗൗതം നേടി




*മികച്ച ഫീച്ചർ ഫിലിമിനുള്ള പുരസ്കാരം 'ആർട്ടിക്കിൾ 370' സ്വന്തമാക്കി.*

**'ചന്തു ചാമ്പ്യൻ', 'ഭ്രമയുഗം' എന്നീ ചിത്രങ്ങളിലെ അഭിനയത്തിന് യഥാക്രമം കാർത്തിക് ആര്യനും മമ്മൂട്ടിയും മികച്ച നടനുള്ള പുരസ്ക്കാരം പങ്കിട്ടു**



*കാർത്തിക് ആര്യൻ*



*മമ്മൂട്ടി*




**'സ്വാതന്ത്ര്യ വീർ സവർക്കർ' എന്ന ചിത്രത്തിലൂടെ മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം രൺദീപ് ഹൂഡ നേടി**




**'ഭംഗർ' മികച്ച നോൺ-ഫീച്ചർ ചിത്രത്തിനുള്ള പുരസ്കാരം നേടി**




**'റാം-നാമി' മികച്ച ഡോക്യുമെന്ററിക്കുള്ള പുരസ്കാരം നേടി**




ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങളായ 'കൽക്കി 2898 എഡി', 'പുഷ്പ: ദി റൂൾ പാർട്ട് 02', 'സ്ത്രീ 2', 'അമരൻ' എന്നിവ ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങളിൽ ആധിപത്യമുറപ്പിച്ചു.

# അവർ ചെയ്തത് ആത്മത്യാഗം, കീഴടങ്ങലിന് പകരം



*ബ്രിട്ടീഷ് അടിച്ചമർത്തലിനെ ചെറുക്കാനും അടിമത്തത്തിന്റെ ചങ്ങലകളിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കാനും പോരാടിയ ധീര സ്വാതന്ത്ര്യ സമര സേനാനികളിൽ ഒരാളായി അവന്തിബായ് ലോധി സ്മരിക്കപ്പെടുന്നു. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത്, ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടത്തിന് നേതൃത്വം നൽകുന്നതിൽ അവർ നിർണായക പങ്ക് വഹിച്ചു. രാജ്ഞി എന്ന നിലയിൽ, അവരുടെ ധീരമായ നേതൃത്വത്തിന് മാത്രമല്ല, സദ്ഭരണത്തിനും മാതൃരാജ്യത്തോടുള്ള അദമ്യമായ സ്നേഹത്തിനും അവർ ആദരിക്കപ്പെടുന്നു. മാതൃരാജ്യത്തിന്റെ അഭിമാനം സംരക്ഷിക്കുന്നതിൽ സമർപ്പിതയായിരുന്നു അവർ. അവരുടെ ജീവിതകഥ രാഷ്ട്രത്തിന് എക്കാലവും അഭിമാനകരമാണ്.*

**ജനനം:** 1831 ഓഗസ്റ്റ് 16 | **മരണം:** 1858 മാർച്ച് 20

1831 ഓഗസ്റ്റ് 16 ന് മധ്യപ്രദേശിലെ സിയോണിയിൽ ജനിച്ച അവന്തിബായി ധീരയായ രാജ്ഞിയും ദേശാഭിമാനത്തിന്റെ ശാശ്വത പ്രതീകവുമായിരുന്നു. ചെറുപ്പം മുതലേ, പിതാവ് ജുഝർ സിംഗ് അവളെ വാൾപ്പയറ്റ്, ആയുധപ്രയോഗങ്ങൾ, കുതിരസവാരി എന്നിവ പരിശീലിപ്പിച്ചു. വളർന്നപ്പോൾ, രാംഗഢിലെ രാജാവ് ലക്ഷ്മൺ സിംഗ് ലോധിയുടെ മകനായ വിക്രമാദിത്യ രാജകുമാരനെ അവർ വിവാഹം കഴിച്ചു. രാജാവ് രോഗബാധിതനായതിനാലും പിന്തുടർച്ചാവകാശികൾ ഭരിക്കാനുള്ള പ്രായപൂർത്തിയാകാത്തവരായതിനാലും, അവന്തിബായി രാജ്യഭാരം ഏറ്റെടുക്കുകയും പ്രതിഭാശാലിയും കാര്യപ്രാപ്തിയുമുള്ള ഭരണാധികാരിയാണെന്ന് തെളിയിക്കുകയും ചെയ്തു. ഈ സമയത്ത്, 'ദത്തവകാശ നിരോധന നയം' പ്രകാരം ബ്രിട്ടീഷുകാർ ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കാൻ ശ്രമിച്ചു. ഭരണം പിടിച്ചെടുക്കാൻ അവർ രാംഗഢിനെ വാർഡ് കോടതിയുടെ പരിധിയിലാക്കി. ബ്രിട്ടീഷ് ഭരണം അംഗീകരിക്കാൻ വിസമ്മതിച്ച അവന്തിബായി വിപ്ലവത്തിന് ആഹ്വാനം ചെയ്തു. ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടത്തിൽ പങ്കുചേരാൻ ആവശ്യപ്പെട്ട് അവർ അയൽ രാജാക്കന്മാർക്കും ഭൂവുടമകൾക്കും 'വളകൾ' സഹിതം കത്തുകൾ അയച്ചു, 'ബ്രിട്ടീഷുകാരോട് പോരാടാൻ തയ്യാറാകൂ, അല്ലെങ്കിൽ വളകൾ ധരിച്ച് വീട്ടിൽ ഇരിക്കൂ' എന്ന് എഴുതി. ഈ ശക്തമായ സന്ദേശം ധൈര്യത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതീകമായി മാറി. 1857-ലെ കലാപകാലത്ത്, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ധീരമായി പോരാടാൻ യുവാക്കളെ പ്രചോദിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തു, അസാധാരണമായ നേതൃത്വവും ദേശസ്നേഹവും പ്രകടമാക്കി.

ഖൈരി യുദ്ധത്തിൽ, ബ്രിട്ടീഷ് കമാൻഡറായ വാഡിംഗ്ടണിനെ പിൻവാങ്ങാൻ നിർബന്ധിതനാക്കി തന്റെ പ്രദേശം മോചിപ്പിക്കാൻ അവർ തന്ത്രപരമായ ചാതുര്യം പ്രകടമാക്കി. മറ്റ് നിരവധി പ്രദേശങ്ങളെ മോചിപ്പിച്ചുകൊണ്ട് അവർ ധീരതയും ദൃഢനിശ്ചയവും പ്രകടിപ്പിച്ചു. മാത്രമല്ല, വിശാലമായ സൈനിക ശക്തിയാൽ ബ്രിട്ടീഷുകാർ വളഞ്ഞപ്പോൾ, ദേവ്ഹർഗഢിലെ കുന്നുകളിൽ ധീരമായി പോരാടി. 1858 മാർച്ച് 20 ന്, ബ്രിട്ടീഷുകാർ പിടികൂടുമെന്ന് മനസ്സിലാക്കിയ അവർ, സ്വന്തം വാളുകൊണ്ട് ജീവിതം അവസാനിപ്പിച്ച് രാജ്യത്തിനായി പരമമായ ത്യാഗം അനുഷ്ഠിച്ചു.

രാജ്യത്തിന്റെ അഭിമാനവും അന്തസ്സും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കുന്നതിനായി സർവ്വവും ത്യജിച്ച അവന്തിബായിയെ 'ഇന്ത്യയുടെ ജോൻ ഓഫ് ആർക്ക്' എന്ന് വിശേഷിപ്പിക്കുന്നു. സ്ത്രീ ശാക്തീകരണത്തിന്റെയും ആത്മാഭിമാനത്തിന്റെയും അനശ്വര പ്രതീകമായി അവർ നിലകൊള്ളുന്നു. അവരുടെ ബഹുമാനാർത്ഥം തപാൽ വകുപ്പ് ഒരു സ്മാരക തപാൽ സ്റ്റാമ്പ് പുറത്തിറക്കി. ജബൽപൂരിലെ ബാർഗി അണക്കെട്ടിന് 'റാണി അവന്തിബായി സാഗർ' എന്ന് നാമകരണം ചെയ്തു. ●

> **ധീരവനിതയായ റാണി അവന്തിഭായി ലോധിയുടെ ജീവിതം ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും ദേശസ്നേഹത്തിന്റെയും സമാനതകളില്ലാത്ത ഉദാഹരണമാണ്. 1857 – ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത്, അവർ ബ്രിട്ടീഷുകാർക്കെതിരെ കടുത്ത പോരാട്ടം നടത്തുകയും കീഴടങ്ങലിനു പകരം ആത്മത്യാഗം തിരഞ്ഞെടുക്കുകയും ചെയ്തു. അവരുടെ ത്യാഗം രാഷ്ട്രത്തോടുള്ള സമർപ്പണത്തിന്റെയും ആത്മാഭിമാനത്തിന്റെയും ശാശ്വത സന്ദേശമായി വർത്തിക്കുന്നു. അവരുടെ ജന്മവാർഷികദിനത്തിൽ ശ്രദ്ധാഞ്ജലിയർപ്പിക്കുന്നു.**
>
> *അമിത് ഷാ, കേന്ദ്ര ആഭ്യന്തര മന്ത്രി*

**അടൽ ബിഹാരി വാജ്പേയിയുടെ ചരമവാർഷികം**

**ഹൃദയംഗമമായ ശ്രദ്ധാഞ്ജലി (ഓഗസ്റ്റ് 16)**

# ദേശീയ സുരക്ഷയ്ക്കും പൊതുജനക്ഷേമത്തിനും വേണ്ടി ഉറച്ചു നിന്നു

*സാംസ്കാരിക ദേശീയതയെ തൊഴിൽ സംസ്കാരത്തിന്റെ ഭാഗമാക്കിയ അടൽ ബിഹാരി വാജ്പേയി, എല്ലായ്പ്പോഴും ദേശീയ സുരക്ഷയെയും പൊതുജനക്ഷേമത്തെയും മറ്റെല്ലാറ്റിനുമുപരിയായി പ്രതിഷ്ഠിച്ചു. ദേശീയ വീക്ഷണത്തിലൂടെയും, കളങ്കരഹിത പ്രതിച്ഛായയിലൂടെയും, രാഷ്ട്രത്തിനു വേണ്ടി സമർപ്പിച്ച ജീവിതത്തിലൂടെയും അദ്ദേഹം ഇന്ത്യൻ രാഷ്ട്രീയത്തിൽ മായാത്ത മുദ്ര പതിപ്പിച്ചു. ആണവ പരീക്ഷണങ്ങളിലൂടെയും കാർഗിൽ യുദ്ധത്തിലൂടെയും ഉയർന്നുവരുന്ന ഇന്ത്യയുടെ ശക്തി ലോകത്തിന് മുന്നിൽ തെളിയിച്ച അദ്ദേഹം, രാജ്യത്ത് സദ്ഭരണത്തിന്റെ ദർശനം സാക്ഷാത്കരിച്ചു. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള ദൃഢനിശ്ചയത്തിന് അദ്ദേഹത്തിന്റെ ദർശനവും ദൗത്യവും എക്കാലവും ശക്തി പകരും...*



- അടൽ ജിയുടെ കണക്റ്റിവിറ്റി ദർശനം 21-ാം നൂറ്റാണ്ടിലെ ഇന്ത്യയെ ശക്തിപ്പെടുത്തി.
- ശക്തവും, സമൃദ്ധവും, സ്വയംപര്യാപ്തവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനായി അദ്ദേഹം സ്വജീവിതം സമർപ്പിച്ചു.

**മുൻ പ്രധാനമന്ത്രി ഭാരതരത്നം അടൽ ബിഹാരി വാജ്പേയി ജിയുടെ ചരമവാർഷികദിനത്തിൽ എല്ലാ പൗരന്മാർക്കും വേണ്ടി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. രാജ്യത്തിന്റെ സമഗ്ര വികസനത്തിനായുള്ള അദ്ദേഹത്തിന്റെ സമർപ്പണവും സേവന മനോഭാവവും വികസിതവും സ്വാശ്രയവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകാൻ എല്ലാവരെയും പ്രചോദിപ്പിക്കുന്നു.**

*നരേന്ദ്ര മോദി,*
*പ്രധാനമന്ത്രി*


ന്യൂ ഇന്ത്യ
**സമാചാർ**
ദ്വൈവാരിക

**RNI NO.: DELENG/2020/78811 AUGUST 16-31, 2026**
RNI Registered No DELENG/2020/78811 (Publishing Date: August 04, 2026 Pages: 42)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHER:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003